കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

താനൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ).എം.പി.എം25/322/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
താനൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : താനൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ)
3) റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഇ.മെയിൽ)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം25/322/2026 തീയ്യതി: 31/03/2026

മലപ്പുറം ജില്ലയിലെ താനൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-01-2025 മുതൽ 31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രാം മനോഹർ വി.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	04-02-2026	20-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-02-2026	21-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ് എം.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മുഹമ്മദ് സിയാദ് പി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിന്ധു ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുഹൈല.കെ.എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഷംസുദ്ദീൻ. പി. പി	ചെയർമാൻ	01-04-2024	16-05-2024
ശ്രീ.റഷീദ് മോര്യ	ചെയർമാൻ	17-05-2024	31-03-2025
ശ്രീമതി. അനുപമ. ടി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. രേഷ്മ ജോഷി. പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	03-10-2024
ശ്രീ.പ്രജിത് പ്രേംകുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	04-10-2024	10-10-2024
ശ്രീമതി. ജിൻസി. ഐ	അസിസ്റ്റന്റ് എഞ്ചിനീയർ	11-10-2024	14-01-2025
ശ്രീ.ശ്രീദേവി.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	15-01-2025	31-03-2025
ഡോ.ഷംജിത. എസ്	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-04-2024	31-03-2025
ഡോ.രമേശ് കുമാർ.കെ.ജി	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ.മുഹമ്മദ് സജീർ ടി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ. ഷിഹാബുദ്ദീൻ. എൻ	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2024	31-03-2025
ശ്രീമതി.ദിവ്യ.കെ	കൃഷി ഓഫീസർ	01-04-2024	31-03-2025
കുഞ്ഞഹമ്മദ് കുഴിചാലിൽ	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി. അഞ്ജു കൃഷ്ണൻ. വി.പി	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ബേബി ഷിഫ സി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	09-08-2024
ശ്രീമതി ഹഫ്സത്ത് അടാട്ടിൽ	ഐ സി ഡി എസ് സൂപ്പർവൈസർ	10-08-2024	31-03-2025
ശ്രീ. സജീഷ്.വി.ജി	പ്രൊജക്ട് ഓഫീസർ	01-04-2024	16-10-2024
ശ്രീ.മനോജ്	പ്രൊജക്ട് ഓഫീസർ	17-10-2024	31-03-2025
ശ്രീ.പ്രവീൺ	ഹെൽത്ത് ഓഫീസർ	01-04-2024	31-03-2025
ശ്രീ. സക്കീർ ഹുസൈൻ	ഹെൽത്ത് സൂപ്പർ വൈസർ	01-04-2024	23-10-2024
ശ്രീ.പ്രകാശൻ.കെ	ഹെൽത്ത് സൂപ്പർ വൈസർ	24-10-2024	31-03-2025
ശ്രീമതി.സബീദ ബി	പ്രിൻസിപ്പാൾ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല	1-1-2
4	ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.	1-1-3
5	ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
6	പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.	1-1-5
7	വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.	1-1-6
8	വാർഷിക കണക്കിലെ വിവരങ്ങളും സുലേഖ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.	1-1-7
9	ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.	1-1-8
10	ഒരേ അക്കൗണ്ട് രണ്ട് തവണ B17 ഷെഡ്യൂളിൽ ഉൾപ്പെടുത്തി	1-1-9
11	രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-10
12	യഥാർഥ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.	1-1-11
13	ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല	1-1-12
14	വിവിധ വരവിനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല.	1-1-13
15	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല.	1-1-14
16	ലോൺ രജിസ്റ്ററിലെ വിശദാംശങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-15
17	Capital Work In Progress - കാലികമാക്കിയില്ല.	1-1-16
18	വസ്തു നികുതി ഡി സി ബി റിപ്പോർട്ട് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-17
19	രജിസ്റ്ററുകൾ പൂർണമല്ല	1-1-18
20	ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.	1-1-19
21	വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു	1-1-20
22	ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിരിപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-1-21
23	നെഗറ്റീവ് തുകകൾ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്	1-1-22
24	സ്ഥിരനിക്ഷേപം - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-23
25	ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിത് വരെ ക്രെഡിറ്റ് ആയില്ല – വിശദാംശങ്ങൾ ലഭ്യമല്ല	1-1-24
26	ഇഷ്യൂ ചെയ്ത് ബാങ്കിൽ സമർപ്പിക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-25
27	ബാങ്കിൽ നേരിട്ട് വരവ് വന്ന തുകകൾ കണക്കിലെടുത്തില്ല	1-1-26
28	Directly Debited By Bank-തുകയുടെ ആധികാരികത വ്യക്തമല്ല	1-1-27
29	Advance Month Voucher Adjustment Cr തുകയുടെ ആധികാരികത വ്യക്തമല്ല.	1-1-28
30	ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി.	1-1-29
31	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-30
32	ബജറ്റ്	1-2
33	സാമ്പത്തിക വിശകലനം	1-3
34	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
35	പദ്ധതി അവലോകനം	1-5

36	തൊഴിലുറപ്പ് (AUEGS)	1-6
37	ക്ഷേമപദ്ധതികൾ	1-7
38	ക്യാഷ് പരിശോധന	1-8
39	ആഭ്യന്തര നിയന്ത്രണം	1-9
40	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
41	"ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും"- അവലോകനം	1-11
42	മുനിസിപ്പൽ പെൻഷൻ ഫണ്ട്: അവലോകനം	1-12
43	വസ്തു നികുതിയിനത്തിൽ 87,55,043 രൂപ പിരിച്ചെടുത്തില്ല.	1-13
44	തൊഴിൽ നികുതി - അപാകതകൾ	1-14
45	വിനോദ നികുതി - സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-15
46	നഗരസഭയുടെ പണം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചു.	1-16
47	വാടക വരവ് - അപാകതകൾ	1-17
48	നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.	1-18
49	കറന്റ് അക്കൗണ്ടിൽ വലിയ തുക സൂക്ഷിച്ചു - പലിശ വരുമാനത്തിൽ നഷ്ടം	1-19
50	റസീപ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല	1-20
51	ഓൺലൈൻ കളക്ഷനുകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.	1-21
52	പണം പിൻവലിക്കൽ അപാകതകൾ	1-22
53	ഗവ.ഹോമിയോ ഹെൽത്ത് സെന്റർ(എസ്.സി.കോളനി), ഒട്ടുംപുറം ആശുപത്രി മാനേജിംഗ് കമ്മിറ്റി- AFS ലഭ്യമാക്കിയില്ല.	1-23
54	സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം	1-24
55	പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല	1-25
56	വാഹനങ്ങളുടെ വിവരം "VEELS"--ൽ :വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-26
57	അഡ്വാൻസ്/ഡെപോസിറ്റ്: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-27
58	മഴക്കാലപൂർവ്വ ശുചീകരണം: രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-28
59	എസ്.എസ്.എ. പദ്ധതിക്ക് തുക വകയിരുത്തൽ: രേഖകൾ ഹാജരാക്കേണ്ടതാണ്.	1-29
60	ബിലാത്തിക്കുളം നവീകരണം-പദ്ധതി അപാകതകൾ	1-30
61	പെരുന്തോട് വി സി ബി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കൽ: വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-31
62	PMAY/ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കളുടെ വീട് നിർമ്മാണം:പുരോഗതി വിവരം അറിയിക്കേണ്ടതാണ്	1-32
63	സമഗ്ര വിവരശേഖരണത്തിനായി ജിഐഎസ് മാപ്പിങ്ങ് സംവിധാനം- പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.	1-33
64	തെരുവു വിളക്ക് എ എം സി-അപാകതകൾ	1-34
65	അലോപ്പതി മരുന്നുകൾ ലഭ്യമായില്ല	1-35
66	സർക്കാർ ഉത്തരവ് പാലിക്കാതെ Artco-യിൽ നിന്നും വാങ്ങൽ നടത്തി.	1-36
67	സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി	1-37
68	പൂർണ്ണമായ തുക വിനിയോഗ വിവരം/ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.	1-38
69	ഹരിതകർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ- 87923 രൂപ അധിക ചെലവ്	1-39
70	ഓർഗാനിക് കമ്പോസ്റ്റ് ബിൻ വിതരണം പദ്ധതി - ജിയോ ടാഗ്ഗിംഗ് പൂർത്തീകരിച്ചില്ല, അപാകതകൾ.	1-40
71	മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കൽ പൂർത്തീകരിച്ചില്ല	1-41

72	മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 57942 രൂപ തിരിച്ചടവാക്കി.	1-42
73	ജനകീയ ഹോട്ടൽ-വാടക,വൈദ്യുതി ചെലവ് രേഖകൾ ലഭ്യമല്ല	1-43
74	കുടുംബശ്രീ വനിതകൾക്ക് നൈപുണ്യ പരിശീലനം- അപാകങ്ങൾ	1-44
75	ബഡ്സ് സ്കൂൾ-ഫർണ്ണീച്ചർ,പാത്രങ്ങൾ വാങ്ങൽ- സർക്കാർ വ്യവസ്ഥകൾ പാലിച്ചില്ല	1-45
76	അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ-ഭക്ഷണ വിതരണം -അപാകങ്ങൾ	1-46
77	വീട് വാസയോഗ്യമാക്കൽ- സർക്കാർ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.	1-47
78	ആയുർവേദ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 മുതലുള്ള വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല	1-48
79	വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം- അപാകതകൾ	1-49
80	വാർത്താ വിനിമയ ഗോപുരങ്ങളുടെ വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക	1-50
81	കെട്ടിട നമ്പർ ലഭ്യമാവാത്ത/വസ്തു നികുതി അടവാക്കാത്ത കെട്ടിടങ്ങളിൽ അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-51
82	PWD റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ കെട്ടിടനമ്പർ/നികുതി വിവരം ലഭ്യമാക്കിയില്ല	1-52
83	അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-53
84	കുടിവെള്ള വിതരണം സംബന്ധിച്ച രേഖകൾ പൂർണ്ണമല്ല-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-54
85	യഥാർത്ഥ പദ്ധതി ചെലവും ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-55
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം.	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. താനൂർ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, താനൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സ്ഥലം : മലപ്പുറം
തീയതി : 31.03.2026

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (2) (E),(F), (3) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, സാമ്പത്തിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് B-10 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

1-1-3 ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

A) B 9 ഷെഡ്യൂൾ പ്രകാരം Distribution & Regulation System – Public Lighting ഇനത്തിന്റെ ആസ്തി മൂല്യം കണക്കാക്കിയിട്ടുള്ളത് 1780761 രൂപയാണ്. എന്നാൽ B10 പ്രകാരം Public Lighting – ആകെ തേയ്മാനം -4297302 രൂപയാണ്.

B) Plant And Machinery ഇനത്തിന് ആസ്തി മൂല്യം കണക്കാക്കിയിട്ടുള്ളത് 1187672 രൂപയാണ്. എന്നാൽ B10 പ്രകാരം ഈ ഇനത്തിന്റെ ആകെ തേയ്മാന ചെലവ് (Accumulated Depreciation) ആയി ചേർത്തിരിക്കുന്നത് 1191746.11 രൂപയാണ്.

C) B 9 ഷെഡ്യൂൾ പ്രകാരം Office & Other Equipments ഇനത്തിന്റെ ആസ്തി മൂല്യം കണക്കാക്കിയിട്ടുള്ളത് 1632714 രൂപയാണ്. എന്നാൽ B10 പ്രകാരം ഈ ഇനത്തിന് കണക്കാക്കിയ ആകെ തേയ്മാനം 4329102 രൂപയാണ്.

D) B 9 ഷെഡ്യൂൾ പ്രകാരം Other Fixed Assets ഇനത്തിന്റെ ആസ്തി മൂല്യം കണക്കാക്കിയിട്ടുള്ളത് 13396291 രൂപയാണ്. എന്നാൽ B10 പ്രകാരം Other Fixed Assets ഇനത്തിന്റെ ആകെ തേയ്മാനം 87845116 രൂപയാണ്.

ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-1-4 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. സെക്രട്ടറിയുടെ പേരിലുള്ള താഴെ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ 2024-2025 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	അക്കൗണ്ട് നമ്പർ
1	ഇന്ത്യൻ ബാങ്ക്	7280233738
2	ICICI Bank	021901003535
3	കനറ ബാങ്ക്	110077238170
4	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	67345867677
5	Icici	021901003533
6	Indian Bank	7155210863
7	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	40972477309
8	ICICI Bank	021901003537
9	കേരള ഗ്രാമീൺ ബാങ്ക്	40118141400018

മേൽ പറഞ്ഞ അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താത്തവ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2024-2025 വാർഷിക കണക്കിൽ B17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൌണ്ടുകൾ 2024-2025 വാർഷിക കണക്കിൽ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് OB ൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ബാങ്ക് അക്കൌണ്ട്	റിമാർക്സ്
1	ICICI Bank-IB 021901003571	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2024 ൽ 11173255 രൂപ മുന്നിരിപ്പുണ്ട്.
2	Federal Bank - FB-11700100226267	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൌണ്ട് ഓപ്പൺ തിയതി 15.12.2023, 01.04.2024 ലെ മുന്നിരിപ്പ് 1 രൂപ
3	ICICI Bank-IB 021905002500	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൌണ്ട് 23-24 വർഷത്തിലും നിലവിലുണ്ട്. 02.01.2024 ന് ട്രാൻസാക്ഷൻ ഉണ്ട്.

1-1-5 പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്ത അക്കൗണ്ടുകളുടെ പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. Catholic Syrian Bank – CFC CSB 008704299137190001
2. Catholic Syrian Bank – CSB- 008704080042190001
3. ICICI Bank – IB – 021913004338
4. Punjab National Bank – PNB – 9127000100007935
5. Sub Treasury Tirur – 1505 – 715051400000032
6. Sub Treasury Tirur – 1505 – 799012900000643

1-1-6 വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ	ഫണ്ടിനം	ചെലവ് തുക (₹)

നം.		എ.സി.ആർ+ സോഴ്സ് ഡിഡക്ഷൻ	വാർഷിക കണക്ക് I6 + B3
1	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	28760086	23582540
2	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	60422839	37778407

1-1-7 വാർഷിക കണക്കിലെ വിവരങ്ങളും സുലേഖ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങളും സുലേഖ സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	ചെലവ് തുക (₹)		
	സുലേഖ സ്റ്റേറ്റ്മെന്റ്	വാർഷിക കണക്ക് (I-6 + B-3)	വ്യത്യാസം
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	89182925	61360947	27821978

1-1-8 ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ഉൾപ്പെടുന്ന ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ തുകകളും അവ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.(B17 & RP CB). ഉദാ:-

ക്രമ നമ്പർ	ഫണ്ട്	B4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക	B17 നീക്കിയിരിപ്പ്
1	Central Finance Commission Grant -Tied + Untied	5044404	3094404
2	AUEGS	8543	8114

1-1-9 ഒരേ അക്കൗണ്ട് രണ്ട് തവണ B17 ഷെഡ്യൂളിൽ ഉൾപ്പെടുത്തി

ഒരേ ട്രഷറി അക്കൗണ്ട് (LGTSB 1505 799013000001144) രണ്ട് തവണ B17 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും വ്യത്യസ്ത നീക്കിയിരിപ്പ് കാണിക്കുകയും ചെയ്തിരിക്കുന്നു.

കെ സ്മാർട്ടിൽ 2024-2025 വർഷത്തെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് - 0 .

B17 ഷെഡ്യൂൾ പ്രകാരം ചേർത്ത നീക്കിയിരിപ്പുകൾ 377624, 0

1-1-10 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B -7 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.
2.അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B -18 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.
3.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.
4.ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-9 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B12 ൽ ഉൾപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-11 യഥാർഥ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

താഴെ പരാമർശിച്ച ഇനങ്ങളിലെ യഥാർഥ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

ക്രമ നം	**ഇനം**	**ഡിമാന്റ് (₹)**	**കളക്ഷൻ (₹)**	**ബാലൻസ് (ഡിമാന്റ് - കളക്ഷൻ) (₹)**	**വാർഷിക കണക്കു പ്രകാരം ബാലൻസ് (₹)**
1.	Property Tax-Arrear	11423097	4306597	7116500	5202803
2.	Profession Tax (Instituitions/ Traders)- Arrear	443848	252024	191824	22606
3	License Fees- Arrear	452073	0	452073	65500
4	Rent Arrear	368647	106679	261968	0
5	Property Tax-Current	13983889	10407618	3576271	3552240
6	License Fees- Current	688000	410000	278000	0
7	Rent From Buildings- Current	327492	238468	89024	30257

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (58/20.02.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല. ബാലൻസ് തുക വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-1-12 ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

1.വാർഷിക കണക്ക് -I- (19) പ്രകാരം Prior Period Income ഇനത്തിന്റെ (2801001) ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ ചെലവ് രേഖകൾ/വൗച്ചറുകൾ, Proceedings, കുറിപ്പുകൾ/Narrations എന്നിവയില്ലാതെ തുകകൾ ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

HEAD CODE	VOUCHER NO/DATE	HEAD DETAILS	DEBIT	CREDIT	REMARK
4315099	J-M100900 -250003863/31.03.2025	Receivable Others	2035745	0	Adj JE For Correcting Wrong Balance
4314002	J-M100900-25000392/ 31.03.2025	Rent Receivable From Buildings (Arrears)	318547	0	JE For Correcting Arrear DEMAND - Rent From Buildings
4313004	J-M100900-25000410 /31.03.2025	Receivable For License Fees(Arrears)	357573	0	OB Correction Entry
4313001	J-M100900-250003875/31.03.25	Receivable For User Charges (Current)	29000	0	Adj JE For Wrong OB Correction
4311901	J-M100900-25000403/ 31.03.25	Receivables For Profession Tax – Institutions / Traders (Current)	297130	-	Correction JE
4311902	J-M100900-25000403	Receivable For Profession Tax – Institutions/ Traders (Arrears)	81218	0	Correction JE
4311002	J-M100900-25000368 /31.03.2025	Receivables For Property Taxes(Arrears)	1701735		JE For Correcting The Arrear Demand Of Property Taxes As Per Given DCB
3503009	J-M100900-25000424	Government And Other Dues Payable - SGST	-	64477	Correction
3202032	J-M100900-25000350/31.03.25	Literacy Scheme Grant	126703		OB Correction 67035532198Saksharatha
3202019	J-M100900-25000313/31.0325	Grants,Funds &Contributions For SpecificPurposes – Other Government Agencies - Jalanidhi	466945		OB Correction PNB – 9127000100029687 Jalanidhi
3201026	J-M100900-25000330/31.0325	Sarva Siksha Abhiyan	2227257		Rent Arrear OB Correction
3201023	J-M100900-25000304/31.0325	Member Of Parliament Local And Development Scheme		1199492	OB Correction PNB - 9127000100015657 MP Fund
3201012	J-M100900-25000389/31.0325	Prime MinisterS Awas Yojana (PMAY) – Minorities	4723002		OB Correction IB-021901001999

2. 2808001-Prior Period Expenses ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ 31.03.2025ന് ജേർണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

HEAD CODE	VOUCHER NO/DATE	HEAD DETAILS	DEBIT	CREDIT	REMARK

4301002	J-M100900-25000432/31.03.25	Purchase Of Material -Stores	1049909		Correction
4401001	J-M100900-25000290 /31.03.2025	Prepaid Programme Expenses	10245334	0	Ob Correction Prepaid Programme Expense
4401001	J-M100900-25000289/31.03.25	Prepaid Programme Expenses	-	136253266	Journal Entry For Correcting Opening Balance
4605005	J-M100900-25000429/31.03.25	Advance To MahatmaGandhi NREGS/ AUEGS	-	876778	JE For Correcting OB

മേൽ ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 31/17.02.2026) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിവിധ ഹെഡുകളിൽ നിന്നും മറ്റു ഹെഡുകളിലേക്ക് ക്രമീകരിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

1-1-13 വിവിധ വരവിനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല.

താഴെ പറയുന്ന വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളോ മറ്റു രേഖകളോ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

1. നഗരസഭയുടെ വാർഷിക കണക്ക് പ്രകാരം R17 ഷെഡ്യൂളിൽ Receivable From Markets ഇനത്തിൽ 45598/- രൂപ വരവുണ്ട്. ആയതിന്റെ രജിസ്റ്റർ, ഫയൽ/കെ സ്മാർട്ട് ഫയൽ നമ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. R4- Fee And User Charges ഷെഡ്യൂളിലെ താഴെ ചേർത്ത ഇനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ , ഫയലുകൾ/കെ സ്മാർട്ട് ഫയൽ നമ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

ഹെഡ് കോഡ്	ഇനം	തുക
1401103	License Fees Under P.P.R ACT	14331
1401199	Other Licensing Fees	93000
1404099	Other Fees	1433905

3.വാർഷിക കണക്ക് പ്രകാരം വിനോദ നികുതി ഇനത്തിൽ വരവ് ഇല്ല. മേൽ പട്ടികയിൽ ഹെഡ് കോഡ് 1401103 പ്രകാരമുള്ള ഇനം സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. തീയതി 31.01.2024 പരിധിയിൽ വരുന്നതാണെങ്കിൽ വിനോദ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ്.

4. നഗരസഭയുടെ വാർഷിക കണക്ക് ഷെഡ്യൂൾ R5 – Sale And Hire Charges പ്രകാരം 215126/- രൂപ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	വരവ്
150112	Receipts From Sale Of Tender Forms	4600
1501202	Receipts From Sale Of Scrap	13600
1501203	Receipts From Auction Of Obsolete Assets	194926
1503001	Receipts From Miscellaneous Sales	2000
	ആകെ	215126

2024 – 2025 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. മേൽ ഇനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ലേല നോട്ടീസ്,ലേല ഡയറി, തുക അടവാക്കിയ വിവരങ്ങൾ കരാറുകൾ ഉൾപ്പെടെ മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/18.02.2026,26/13.02.2026) മറുപടി ലഭ്യമാക്കിയില്ല.

1-1-14 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളിൽ ബാധ്യതയായി B-4 ഷെഡ്യൂളിൽ ബുക്ക് ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ശീർഷകം	തുക
3201020 Integrated Child Development Service	6454390
3208099 Other Grants & Contributions For Specific Purpose	12435082
3203001 Grant From Other Government Agencies	565000
3201050 Grants Contributions For Specific Purposes – Central Government	22772836
3201056 Sprcial Grants	40264943

1-1-15 ലോൺ രജിസ്റ്ററിലെ വിശദാംശങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്ററിലെ വിശദാംശങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	തിരിച്ചടവ്	നീക്കിയിരിപ്പ്

രജിസ്റ്റർ പ്രകാരം	143933266	65560000	15346666	194146600
വാർഷിക കണക്ക്	136252266	74091990	15346666	202678590

1-1-16 Capital Work In Progress - കാലികമാക്കിയില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ (ഹെഡ് കോഡ് 4120101) മുൻ വർഷത്തെ അതേ നീക്കിയിരിപ്പാണ് ചേർത്തിട്ടുള്ളത്. പാർട്ട് ബിൽ നൽകിയതിൽ പൂർത്തിയായ പ്രവൃത്തികൾ അസറ്റ് ഹെഡിൽ ചേർക്കുകയോ തൻ വർഷത്തെ പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ മേൽ ഹെഡിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1-1-17 വസ്തു നികുതി ഡി സി ബി റിപ്പോർട്ട് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2024-2025 വർഷത്തെ കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ നിന്നുള്ള വസ്തു നികുതി ഡി സി ബി റിപ്പോർട്ടും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
കെ സ്മാർട്ട് ഡി സി ബി റിപ്പോർട്ട്	13301502	10787362	2470619.98
വാർഷിക ധനകാര്യ പത്രിക	13983889	10407618	3552240

1-1-18 രജിസ്റ്ററുകൾ പൂർണമല്ല

താഴെ പറയുന്ന രജിസ്റ്ററുകൾ വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിലും ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിലും സൂക്ഷിക്കുന്നില്ല.സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
(A) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ
(B)സ്ഥാപന/ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ
(C) ലേലം രജിസ്റ്റർ

1-1-19 ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

വിവിധ പദ്ധതികൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ Advance To Implementing Agencies (ഹെഡ് കോഡ് 4605002) ലെഡ്ജറിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഏജൻസി	പ്രൊജക്ട്	തുക
കെ.എസ്.ഇ.ബി	ഡിവിഷൻ 22 വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ പോസ്റ്റ് സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 307/25	498165
	ഡിവിഷൻ-1 തൂവൽതീരം കടപ്പുറം റോഡ് സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് വലിക്കൽ പ്രൊജക്റ്റ് നം. 308/25	149936
	ഡിവിഷൻ-34 തോട്ടോളി യൂസഫ് ഹാജി റോഡ് പോസ്റ്റ് ആൻഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊജക്റ്റ് നം. 313/25	122526
	ഡിവിഷൻ 27-ഇടവഴി- അനുബന്ധ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 756/25	182866
	ഡിവിഷൻ 38-ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 766/25	100000

1-1-20 വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

3208010 - Beneficiary Contribution ലെഡ്ജർ പരിശോധിച്ചതിൽ R-M100900-24002710/26-06-2024 നമ്പർ പ്രകാരം 10000 രൂപ റസീപ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് താനൂർ മുനിസിപ്പാലിറ്റി ഹെൽത്ത് സ്ക്വാഡ് 04/05/23 ൽ നടത്തിയ പരിശോധന പ്രകാരം ചുമത്തിയ പിഴ ഈടാക്കിയതാണ്. ഇതിൽ നിന്നും വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്യുന്നു എന്ന് കാണുന്നു.

1-1-21 ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിരിപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക കണക്കിലെ ഷെഡ്യൂൾ B-4 ൽ Beneficiary Contributions ഇനത്തിൽ 1970933 രൂപ ചെലവഴിക്കാനവശേഷിക്കുന്നു. ആയത് ഏതെല്ലാം പ്രൊജക്ടുകൾ പ്രകാരമുള്ള തുകയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ ഈ തുകയുടെ ആധികാരികത വ്യക്തമല്ല.

1-1-22 നെഗറ്റീവ് തുകകൾ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിൽ റസീപ്റ്റ് & പെയ്മെന്റ് പത്രികയിൽ R8 ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡിൽ നെഗറ്റീവ് തുക രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
1711001 Interest From Bank Accounts (1337899)

1-1-23 സ്ഥിരനിക്ഷേപം - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ വിശദാംശങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

	സെക്രട്ടറി ലഭ്യമാക്കിയത്	വാർഷിക കണക്ക്
വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000000	5000000 (2023-24 Schedule B12 Fixed Deposit)
തൻവർഷം നിക്ഷേപിച്ച തുക	3793324 (293324 Interest Included)	9619039 (P20 – Investment Made) 0 (I-7 Interest On Investment)
തന്നാണ്ടിൽ പിൻവലിച്ച തുക	6293324	12412363 (R16 Investments Disposed)
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	2500000	2500000 ((Schedule B12 Fixed Deposit)

മേൽ പറഞ്ഞ വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

2.തൻവർഷം നിക്ഷേപിച്ചതും പിൻവലിച്ചതുമായ സ്ഥിര നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
3. വാർഷിക കണക്കിൽ ഷെഡ്യൂൾ B-12 പ്രകാരം Investment- (ഹെഡ് കോഡ് 4201001) ഇനത്തിൽ 9000 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 4000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.
4. കേരള ഗ്രാമീൺ ബാങ്ക് താനൂർ (റസീപ്റ്റ് നമ്പർ 401905/16.07.14) സ്ഥിര നിക്ഷേപ റസീപ്റ്റ് പ്രകാരം ഡ്യൂ ഡേറ്റ് 16.07.2024 തിയതിയാണ്. എന്നാൽ നാളിത് വരെ സ്ഥിര നിക്ഷേപം പുതുക്കിയതായി കാണുന്നില്ല.

1-1-24 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിത് വരെ ക്രെഡിറ്റ് ആയില്ല – വിശദാംശങ്ങൾ ലഭ്യമല്ല

31.03.025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ പ്രകാരമുള്ള 9969787 രൂപ നാളിതു വരെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ചെക്ക് നമ്പറോ തിയതിയോ കെ സ്മാർട്ടിൽ നിന്നും ലഭിക്കുന്ന റീകൺസിലിയേഷൻ പത്രികകളിൽ ഉൾപ്പെടുത്താത്തതിനാൽ ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

തുക (₹)	ബാങ്ക്/ട്രഷറി അക്കൗണ്ട്
7960000	**CB - 110057346190 A/C No. 110057346190**
196152	OWN FUND CSB 008704080042195001 A/C No. 008704080042195001
107601	**FB - 11700100226267 A/C No. 11700100226267**
1217807	**KB - 090131000920009 A/C No. 090131000920009**
9270	**KB - 090131201000001 A/C No. 090131201000001**
2500	**TSIB - 0884053000003798 A/C No. 0884053000003798**
476457	**SBoI - 67222142414 A/C No. 67222142414**

1-1-25 ഇഷ്യൂ ചെയ്ത് ബാങ്കിൽ സമർപ്പിക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Issued But Not Presented Into Bank ഇനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ ചെക്ക് നമ്പറോ തിയതിയോ കെ സ്മാർട്ടിൽ നിന്നും ലഭിക്കുന്ന റീകൺസിലിയേഷൻ പത്രികകളിൽ രേഖപ്പെടുത്താത്തതിനാൽ ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

തുക (₹)	ബാങ്ക്/ട്രഷറി അക്കൗണ്ട്
5100249	**FFC ULB Grant CB 110172212790** **A/C No. 110172212790**
7831469	***CFC CSB 008704299137190001** **A/C No. 008704299137190001**
989466	**OWN FUND CSB 008704080042195001** **A/C No. 008704080042195001**
117073	**IB - 021901001999** **A/C No. 021901001999**
177474	**IB - 7130993486** **A/C No. 7130993486**
140869	**IB - 7131041051** **A/C No. 7131041051**
24587	**KB - 090131000920009** **A/C No. 090131000920009**
1690533	**KB - 090131201000001** **A/C No. 090131201000001**
448419	**PNB - 9127000100009289** **A/C No. 9127000100009289**
11250	**SBoI - 67222142414** **A/C No. 67222142414**

1-1-26 ബാങ്കിൽ നേരിട്ട് വരവ് വന്ന തുകകൾ കണക്കിലെടുത്തില്ല

31.03.2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നേരിട്ട് വരവ് വന്ന 211445.28 രൂപ സ്ഥാപനത്തിന്റേതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല. റീകൺസിലിയേഷൻ പത്രികയിൽ ഈ തുക ബാങ്കിൽ ക്രെഡിറ്റ് ആയ തിയതി ചേർത്തിട്ടില്ല. ആയതിനാൽ ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

തുക (₹)	ബാങ്ക്/ട്രഷറി അക്കൗണ്ട്
116030	**KB - 090131000920009 A/C No. 090131000920009**
6165.02	**PNB - 9127000100009289 A/C No. 9127000100009289**
89250.26	**SBoI - 67222142414 A/C No. 67222142414**

1-1-27 Directly Debited By Bank-തുകയുടെ ആധികാരികത വ്യക്തമല്ല

31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെ പറയും പ്രകാരം Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തവുമല്ല.

തുക (₹)	ബാങ്ക്/ട്രഷറി അക്കൗണ്ട്
9911	CFC CSB 008704299137190001 A/C No. 008704299137190001
112280	**IB - 021901001999** **A/C No. 021901001999**
13199	**IB - 7130993486** **A/C No. 7130993486**
70253	**KB - 090131000920009** **A/C No. 090131000920009**
31783	**KB - 090131201000001** **A/C No. 090131201000001**
462493.28	**PNB - 9127000100009289** **A/C No. 9127000100009289**
71814	**SBoI - 67222142414** **A/C No. 67222142414**

1-1-28 Advance Month Voucher Adjustment Cr തുകയുടെ ആധികാരികത വ്യക്തമല്ല.

31.03.2025 ലെ റീ കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Advance Month Voucher Adjustment Cr

തുകയുടെ ആധികാരികത വ്യക്തമല്ല.

അക്കൗണ്ട് നമ്പർ	തുക
IB - 021901003005	**12600000**

1-1-29 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി.

CFC CSB 008704299137190001 അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 4407108 എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ കെ സ്മാർട്ടിൽ നിന്നും ലഭ്യമായ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 3094404 രൂപയാണ്. ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-30 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് അക്രൂ ആകുന്ന സമയങ്ങളിലും ഡിമാന്റ് എൻട്രി നടത്തുന്നില്ല.
ഉദാ - വസ്തു നികുതി ലെഡ്ജർ (ഹെഡ് കോഡ് 1100101)

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി	പുതുക്കിയ തീരുമാന നമ്പർ/ തിയതി
12.02.2024 ലെ തീരുമാനം നം. 1/1	26.03.2025 ലെ തീരുമാനം നം. 1/1

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	73003467
വരവ്	415947424
ആകെ	488950891
ചെലവ്	359496466
നീക്കിയിരിപ്പ്	129454425

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	57157444	57157444	57003262	154182
വികസനഫണ്ട് (എസ്.സി.പി.)	0	9994880	9994880	9946954	47926
സംരക്ഷണഗ്രാന്റ് (റോഡ്)	0	21751000	21751000	12793657	8957343
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	11973000	11973000	8157637	3815363
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	24211389	24211389	60422839	-36211450
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	15986139	15986139	28760086	-12773947

(കുറിപ്പ്: കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് വരവ് തുക ചേർത്തിരിക്കുന്നത്. ചെലവ് തുക സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരവും)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
650	383151491	338	227512993	0	312	52

കുറിപ്പ് : സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-6 തൊഴിലുറപ്പ് (AUEGS)

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)

AUGES	200.74	31532209	31532409.74	31532205	204.74

കുറിപ്പ് :-ബാങ്ക് പാസ് ബുക്ക് , AUGES കാഷ് ബുക്ക് ,BIMS ചെലവു പത്രിക എന്നിവ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-7 ക്ഷേമപദ്ധതികൾ

2023-24 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7766400	486
വിധവാപെൻഷൻ	49534100	3095
വാർദ്ധക്യകാലപെൻഷൻ	94241100	5890
വികലാംഗപെൻഷൻ	21802600	1362
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2481000	155

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2026 ന് 03:36 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76372/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1.ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കുകളിൽ ധാരാളം അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾക്ക് റിപ്പോർട്ടിലെ ഖ 1.1.1 മുതൽ 1.1.30 വരെ കാണുക.
3. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.
4. നഗരസഭയുടെ പണം സ്വകാര്യ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു. (വിശദ വിവരത്തിന് ഖ-1-13 കാണുക)
5. ലൈസൻസില്ലാതെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും നഗരസഭാ പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. (വിശദ വിവരത്തിന് ഖ-1-14, 1.18 കാണുക)
6. വസ്തു നികുതിയും ലൈസൻസ് ഫീസും പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
7.പ്രോജക്ട് ഓഫീസർ കാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയതി
പെർഫോമൻസ് ഓഡിറ്റ്	28.11.2015	01.09.2015-28.11.2015	08.12.2015
എ ജി ഓഡിറ്റ്	27.03.2018	2012-13 – 2016-17	05.09.2018

1-11 "ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും"- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ മുനിസിപ്പാലിറ്റികൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. മുനിസിപ്പാലിറ്റികളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.07.2025 തീയതിയിലെ ഡി.കെ.എസ്.എ./208/ എം.എൽ3/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ

ഭാഗമായി താനൂർ മുനിസിപ്പാലിറ്റിയിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നം.06/06.02.2026ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

വർഷം	സ്കീം -5 Health Grants Towards Support Of Diagnostic Infrastructure To Primary Health Care Facilities In Urban PHCs	സ്കീം - 6 Health Grants Towards Urban Health And Wellness Centres (UHWCS)	ആകെ
2021-22	0	0	0
2022-23	0	13300000+ 258320 പലിശ വരവ്	13558320
2023-24	4247000+ 47460 പലിശ വരവ്	3183000+ 374929 പലിശ വരവ്	7852389
2024-25	0 + 99810 പലിശ വരവ്	4350000 + 112062 പലിശ വരവ്	4561872
ആകെ	4394270	21578311	25972581

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -5	സ്കീം - 6	ആകെ
2021-22	0	0	0
2022-23	0	1904625	1904625
2023-24	149527	10624442	10773969
2024-25	3080060	4020862	7100922
ആകെ	3229587	16549929	19779516

കുറിപ്പ്: ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങളാണ് ക്രമ നം1, 2 ടേബിളുകളിൽ ചേർത്തിരിക്കുന്നത്. സ്കീം 6 ബാങ്ക് അക്കൗണ്ടിൽ(7131041051) 529144/-രൂപയും, സ്കീം 5 ബാങ്ക് അക്കൗണ്ടിൽ (7130993486) 1700353/- രൂപയും ഡിസംബർ 2021 മുതൽ മുന്നിരിപ്പും നിലവിൽ നീക്കിയിരിപ്പും ആയി നിലനിൽക്കുന്നുണ്ട് ആയതിന്റെ വരവ് വിശദാംശങ്ങൾ ഉൾപ്പെടുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് പ്രകാരം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2024-25 വർഷത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ

Scheme 5 - 1000408
Scheme 6 - 4887541

മേൽ നീക്കിയിരിപ്പ് തുകകൾ ബാങ്ക് പാസ് ബുക്കിലെ തുകകളുമായി പൊരുത്തപ്പെടാത്തതിനാൽ ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്, നമ്പർ	ചെലവ് തുക
2022-23	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ആവർത്തന ചെലവുകൾ, അനുബന്ധ പ്രവർത്തികൾ 466/23	1930265
2023-24	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ആവർത്തന ചെലവുകൾ, അനുബന്ധ പ്രവർത്തികൾ 612/24	1339891
2023-24	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ജീവനക്കാരുടെ വേതനം, കെട്ടിട വാടക നൽകൽ 613/24	1913629
2023-24	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ 705/24	1345289
2023-24	ക്യാൻസർ കെയർ പദ്ധതി 706/24	47850
2023-24	സി.എച്ച്.സി ആവർത്തന ചെലവുകൾ 708/24	128641
2023-24	യു.പി.എച്ച്.സി ആവർത്തന ചെലവുകൾ 709/24	40273
2023-24	നഗര പ്രദേശങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൈകര്യങ്ങൾ ഏർപ്പെടുത്തൽ 707/24	298756

2024-25	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ആവർത്തന ചെലവുകൾ, അനുബന്ധ പ്രവർത്തികൾ 710/24	300000
2024-25	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ജീവനക്കാരുടെ വേതനം, കെട്ടിട വാടക നൽകൽ 711/24	401106
2024-25	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ നവീകരണ പ്രവർത്തികൾ 718/24	640299
2024-25	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ ജീവനക്കാരുടെ വേതനം, കെട്ടിട വാടക നൽകൽ 717/24	1497936
2024-25	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ (706/24)	907154
2024-25	ക്യാൻസർ കെയർ പദ്ധതി (709/24)	135951
2024-25	സി.എച്ച്.സി ആവർത്തന ചെലവുകൾ (707/24)	78185
2024-25	യു.പി.എച്ച്.സി ആവർത്തന ചെലവുകൾ (708/24)	99925
2024-25	നഗര പ്രദേശങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൈകര്യങ്ങൾ ഏർപ്പെടുത്തൽ (705/24)	3244335

<u>കുറിപ്പ്:</u> സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള പദ്ധതി ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. 2023-24ലെ സുലേഖ ചെലവിൽ വ്യത്യാസമുള്ളതായും 5634000 രൂപ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡറക്ടറുടെ 14.03.2024ലെ LSGD/PD/5562/2024-DPLD4 കത്ത് പ്രകാരം കൈമാറിയതായും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ്, സുലേഖ പ്രകാരമുള്ള ആകെ ചെലവും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവും തമ്മിൽ വ്യത്യാസം ഉള്ളതായി കാണുന്നുണ്ട് ആയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. തുക വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്.

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2024-25	അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകൾ നവീകരണ പ്രവർത്തികൾ	640299

വിവിധ സർക്കാർ ഉത്തരവുകൾ(സ.ഉ(സാധാ) നം.232/2022/LSGD/31.08.22, സ.ഉ(സാധാ) നം.1078/2023/LSGD/20.05.2023, സ.ഉ(സാധാ) നം.1625/2023/LSGD/09.08.2023) പ്രകാരം മുനിസിപ്പാലിറ്റിയിലെ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ ആരോഗ്യമേഖല വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചതായോ, നിർവ്വഹണ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തതായോ, അതുവഴി പദ്ധതികളുടെ മേൽനോട്ടം/മോണിറ്ററിങ്ങ് വർക്കിംഗ് ഗ്രൂപ്പ്/ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിച്ചതായോ ഉള്ള രേഖകൾ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്സും രേഖകളും ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയവ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തന്നെ പദ്ധതികളുടെ നടത്തിപ്പിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും പങ്ക് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

നഗരസഭയിലെ അർബൺ ഹെൽത്ത് വെൽനസ്സ് സെന്ററുകളിൽ മെഡിക്കൽ ഓഫീസർ , ഫാർമസിസ്റ്റ്, നഴ്സ്, ജെ.എച്ച്.ഐ, സപ്പോർട്ടിംഗ് സ്റ്റാഫുകൾ എന്നിവരെ നഗരസഭ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും ചെലവുകൾ സെക്രട്ടറി നിർവ്വഹണം നടത്തിയ അർബൺ ഹെൽത്ത്&വെൽനസ്സ് സെന്ററുകളുടെ പ്രവർത്തന ചെലവുകൾ എന്ന പദ്ധതി മുഖേനയാണ് ചെയ്തിട്ടുള്ളത്. ആയതിന് വേതനമിനത്തിൽ 3000528 രൂപയും വാടകയിനത്തിൽ 812143 രൂപയും 2024-25 വരെ ചെലവഴിച്ചതായി അറിയിച്ചു.

പദ്ധതി നം. 705/24, വൗച്ചർ നം. P-M100900-24000657/16.12.2024 പ്രകാരം 10,00,000 രൂപ UPHC താനൂരിന് അനുവദിച്ചതിൽ 669245 രൂപ നീക്കിയിരിപ്പായി ഉള്ളതായി ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചു (നം. 17/10.02.2026). ആയത് ഉൾപ്പടെ ഹെൽത്ത് ഗ്രാന്റ് തുക സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് ഫലപ്രദമായ രീതിയിൽ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും ചെലവ് തുക വ്യത്യാസങ്ങൾക്ക് കാരണം വിശദീകരിക്കേണ്ടതുമാണ്.

<u>1-12 മുനിസിപ്പൽ പെൻഷൻ ഫണ്ട്: അവലോകനം</u>

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്.എ./2078/എം.എൽ.3/2024 നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച (സ്ഥാപനം ഹാജരാക്കിയ രേഖകളുടേയും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/5.02.2026) ലഭ്യമാക്കിയ മറുപടിയുടേയും അടിസ്ഥാനത്തിലുള്ള) വിവരങ്ങൾ താഴെ ചേർക്കുന്നു.

1.) 2024-25 സാമ്പത്തിക വർഷം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ.

ക്രമ നമ്പർ	2024-25 സാമ്പത്തിക വർഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ പേരും തസ്തികയും.		പെൻഷൻ/ ഫാമിലി പെൻഷനായി നൽകിയ തുക.		DCRG ഇനത്തിൽ നൽകിയ തുക.		പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയ തുക.		ആകെ തുക.	
	പേര്	വിരമിച്ച തസ്തിക	തനത് ഫണ്ട്	ജി.പി.ജി	തനത് ഫണ്ട്	ജി.പി.ജി	തനത് ഫണ്ട്	ജി.പി.ജി	തനത് ഫണ്ട്	ജി.പി.ജി
1	ശ്രീമതി ലീല- ഫാമിലി പെൻഷൻ W/O ശ്രീ രാജൻ	സീനിയർ ക്ലെർക്ക്	54718	277355	NIL	NIL	NIL	NIL	54718	277355
ആകെ.									54718	277355

2). നാളിതു വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങളും, പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ഓരോ സാമ്പത്തിക വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും.

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരങ്ങൾ.			
സാമ്പത്തിക വർഷം.	ആകെ ശമ്പളം.	പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം.	ഒടുക്കിയ തുക.
2021-22	4846240	726936	726936
2022-23	4125700	618855	618855
2023-24	3402347	510352	510352
2024-25	3135193	470279	470279
ആകെ.	15509480	2326422	2326422

3)സ.ഉ(എം.എസ്) നം.49/2016/തസ്വഭവ തീയതി. 04.03.2016 പ്രകാരം, വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭയ്ക്ക് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്ന് സർക്കാർ അനുമതി നൽകിയിരുന്നു. നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്നതിന് വിനിയോഗിച്ച തുകയും പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ ഓരോ സാമ്പത്തിക വർഷങ്ങളിലും ചെലവായ തുകയും സംബന്ധിച്ച വിവരങ്ങൾ.

സാമ്പത്തിക വർഷം.	തനത് ഫണ്ട്.	ജനറൽ പർപ്പസ് ഫണ്ട്.
2020-21	Nil	Nil
2021-22	Nil	Nil
2022-23	Nil	1705461
2023-24	Nil	403455
2024-25	54718	277355
ആകെ.	54718	2386271
ഒട്ടാകെ	2440989	

4.)സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച തുകയുടെ വിവരം.

ക്രമനമ്പർ.	അലോട്ട്മെന്റ് നമ്പർ &തീയതി.	ലഭിച്ച തുക.	അക്കൗണ്ടിൽ വരവ് വന്ന തീയതി.
1	ഇല്ല	.	.

5). നഗരസഭയിൽ റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ സമഗ്രമായ ഡേറ്റാ ബേസ്/രജിസ്റ്റർ സൂക്ഷിക്കുണ്ട്. എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വേരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

6). മുനിസിപ്പൽ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതും ആയതിന്റെ വാർഷിക അക്കൗണ്ട് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

7). റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ ആകെ പെൻഷൻ തുക, ചെക്ക്, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ സഹിതം ബാങ്കിലേക്ക് നൽകിയ സ്റ്റേറ്റ്മെന്റ് ലഭ്യമാണ്. എന്നാൽ ഇടപാട് ട്രഷറി വഴി ആയതിനാൽ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ മുനിസിപ്പൽ പെൻഷൻ ഫണ്ടിന് വേണ്ടി സൂക്ഷിക്കുന്നില്ല.
8.) ട്രഷറി/ബാങ്ക് മുഖേന പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയത് സംബന്ധിച്ച് ട്രഷറി/ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ രേഖകൾ/യു ടി ആർ നം. ലഭ്യമാണ്.

9). സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ മറ്റ് നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ആലപ്പുഴ നഗരസഭയിൽ നിന്ന് വിരമിച്ച സീനിയർ ക്ലർക്ക് ശ്രീ ബിജു കെ.ജെ ക്ക് നിലവിൽ അനുവദിച്ചു വരുന്നു.

10). കേരള ട്രഷറി കോഡ് വോള്യം I ചട്ടം 273 (എ, ബി) പ്രകാരമുള്ള രജിസ്റ്ററുകൾ, ചട്ടം 280 (എ)) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ്, ചട്ടം 287, 288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് എന്നിവ പരിപാലിക്കേണ്ടതാണ്. നഗരസഭയിൽ നിന്ന് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നത് ഒരാൾ മാത്രമായതിനാൽ (ശ്രീമതി ലീല-ഫാമിലി പെൻഷൻ) നിലവിൽ ആയവ സൂക്ഷിക്കുന്നില്ല.

11). പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും പരിപാലിക്കേണ്ടതുണ്ട്.

12). നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന പെൻഷൻകാരുടെ പെൻഷൻ ബുക്ക് സ്ഥാപനത്തിൽ നിലവിൽ ലഭ്യമാണ്.

13).പെൻഷണർ (റെഗുലൽ-കണ്ടീജന്റ്) മരണപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ഫാമിലി പെൻഷൻ ഫയലലിൽ ലഭ്യമാണ്.

14.) 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3) ,(4) ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. പെൻഷൻ ഫണ്ട് അക്കൗണ്ട്സ് വർഷം തിരിച്ച് സൂക്ഷിക്കേണ്ടതുണ്ട് എങ്കിലും നഗര സഭയിൽ പ്രത്യേക പെൻഷൻ ഫണ്ട് ഇല്ല.

15. കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെന്റ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ലോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. എൻ പി എസ് ആയതിനാൽ ഇത്തരത്തിലുള്ള പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

16. നഗരസഭയിൽ നിലവിലുള്ള സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം-15 ഉം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം-0 ഉം ആണ്.

1-13 വസ്തു നികുതിയിനത്തിൽ 87,55,043 രൂപ പിരിച്ചെടുത്തില്ല.

2024-25 വാർഷിക കണക്ക് പ്രകാരം ആകെ വസ്തു നികുതി ഡിമാന്റ് 1.39 കോടി രൂപയാണ് . ആയതിൽ 1.04 കോടി രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.
വാർഷിക കണക്ക് പ്രകാരം കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ മുൻ വർഷ കുടിശ്ശികയും തന്നാണ്ട് കുടിശ്ശികയും ഉൾപ്പെടെ 87,55,043 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 60/20.02.2026 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കേണ്ടതും നാളിതു വരെ കുടിശ്ശിക പിരിവിലുണ്ടായ പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി - അപാകതകൾ

2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം സെക്രട്ടറി ഓരോ അർദ്ധവർഷവും മേയ് മാസത്തിലും നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി തിട്ടപ്പെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം 10 പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2024-25 ലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നഗരസഭ ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ റിട്ടേണുകൾ എന്നിവ

പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡിമാന്റ് രജിസ്റ്റർ പൂർണമല്ല.

A)തൊഴിൽ നികുതി രജിസ്റ്ററിൽ ഓരോ സ്ഥാപനത്തിലെയും ജീവനക്കാരുടെ എണ്ണം, ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനും ഒടുക്കേണ്ട തൊഴിൽ നികുതി (ഡിമാന്റ് തുക), ഓരോ ജീവനക്കാരനും ഒടുക്കിയ തൊഴിൽ നികുതി (കളക്ഷൻ തുക), കുടിശ്ശിക തുക എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല . മിക്ക സ്ഥാപനങ്ങിൽ നിന്നുമുള്ള ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

B)രജിസ്റ്ററിൽ വാർഷിക സംഗ്രഹം ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 വർഷത്തെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം	സ്ഥാപനത്തിന്റെ പേര്	അടവാക്കാത്ത അർദ്ധ വർഷം
1	2	DYSP ഓഫീസ്,താനൂർ	1,2
2	4	താനൂർ പോലീസ് കൺട്രോൾ റൂം	1
3	10	പോസ്റ്റ് ഓഫീസ്, താനൂർ നഗരം	1,2
4	16	കെ എസ് ഇ ബി, താനൂർ ഈസ്റ്റ്	1
5	18	എസ് എം എം എച് എസ് രായിരമംഗലം	1
6	24	ഇന്ത്യൻ റെയിൽ വേ	1,2
7	28	കേരള ഫിഷറീസ് ഡെവലപ്മെന്റ് ഫണ്ട്	1,2
8	32	ജെ കെ അസോസിയേറ്റ്സ്	1
9	45	ജി എം എൽ പി സ്കൂൾ താനൂർ നോർത്ത്	1,2
11	79	ഫുഡ് സേഫ്റ്റി ഓഫീസ്	1,2
12	80	വള്ളുവനാട് ചിട്ടി ലിമിറ്റഡ്	1,2
13	82	എൻ ടി സി ഫിനാൻസ്	1,2
14	87	എസ് എച് ആർ തങ്ങൾ	1,2
15	97	വില്ലേജ് ഓഫീസ് പരിയാപുരം	1
16	101	ജി എച് എസ് എസ് എസ് കാട്ടിലങ്ങാടി	1
17	1	റിലയൻസ് എസ് എം എസ് എൽ ലിമിറ്റഡ്	1,2
18	3	കെ ആർ ഇ ഒ ഹെൽത്ത് കെയർ	1,2
20	6	KSWMP	1,2
21	7	ഡി ടി പി സി	1,2
22	7	പോസ്റ്റ് ഓഫീസ് പനങ്ങാട്ടൂർ	2
23	22	ബി എസ് എൻ എൽ	2
24	56	കനറ ബാങ്ക്	2
25	103	റിലയൻസ് റീടെയിൽ	2
26	110	ജി ആർ എഫ് ടി എച് എസ് എസ്	2

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, റിട്ടേണുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

3. 2024-2025 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയ മുഴുവൻ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി അരിയർ ഡിമാൻ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിലെ വരവ് നീക്കിയിരുപ്പ് എന്നിവയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

5. 2024-2025 വർഷത്തെ ലൈസൻസ് രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ / സ്ഥാപനത്തിന്റെ പേര്
1	33/58,59	സ്വാലിഹ് എം കെ, പോപ്പുലർ ഗ്ലാസ് & ഡിസൈൻസ്
2	33/330	മൂസ റിയാസ്, ഫുൾഫിൽ താനൂർ
3	33/582,583,584	അബ്ദുൽ ഹഖ്/പരാഗ് ഫാഷൻ

4	33/876	മുസ്തഫ കമാൽ/വസന്തം സിൽക്സ്
5	33/990,995	സന്തോഷ് നിഗം/നാഷണൽ ഗോൾഡ്
6	33/1416	സെബീറലി/ ടി കെ സിൽക്സ്
7	35/266	മുഹമ്മദ് ഷാജഹാൻ/ഷാസ് ടൈൽ ഡിപ്പോ
8	43/140	ഫൈസൽ പി/ കാസ്റ്റിലോ റൂഫിംഗ്സ്
9	43/206,208,209	ജുനൈസ്/ അറേബ്യൻ മജ്ലിസ്
10	16/143,145-149	സുധി കുമാർ/ ഫിനിക്സ് പ്രിന്റ്
11	22/282	അബ്ദുൽ അസീസ്/ പോപുലർ ഗ്ലാസ് & പ്ലൈവുഡ്
12	22/298/5-6	റഹൂഫ് എ കെ/ ഗ്ലാസ് പാലസ്
13	22/456,457	സുരേഷ് പി/ ത്രീ സ്റ്റാർ ട്രേഡേഴ്സ്
14	22/495-508	അബ്ദു റഹിമാൻ/മലബാർ ഫർണിചർ
15	22/385 A,B	കോയമോൻ/ലാമിയ ഫാഷൻ
16	23/354-356	സുരേഷ് പി/ ത്രീ സ്റ്റാർ ഏജൻസീസ്
17	30/40/1	മൊയ്തീൻ വി പി/വി പി എം ഐസ് പ്ലാന്റ്
18	30/226-228	അബ്ദുൽ സലാം/ ന്യൂ എ വൺ ബേക്കറി കൂൾബാർ
19	31/217-219	മുഹമ്മദ് തബ്ഷീർ/ മലബാർ ഫുഡ്സ്
20	31/244,245	സലീം/ഹോട്ടൽ റോയൽ

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.02.2026) മറുപടി ലഭ്യമാക്കിയില്ല.

1-15 വിനോദ നികുതി - സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. തീയതി 31.01.2024 ഉത്തരവ് പ്രകാരം സിനിമാ പ്രദർശനം, 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് 3ബി, വകുപ്പ് 6എ എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള വിനോദ ഉപാധികൾ, മറ്റ് വിനോദ ഉപാധികൾ എന്നിവ ഉൾപ്പെടെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ട വിനോദ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തിൽ നഗരസഭാ പ്രദേശത്തുള്ള വിനോദ ഉപാധികൾ കണ്ടെത്തുന്നതിനും, അവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വിനോദ നികുതി ബാധകമാക്കുന്നതിനും സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/10.02.2026) മറുപടി ലഭ്യമാക്കിയില്ല രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 നഗരസഭയുടെ പണം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം നഗരസഭയിൽ ലഭിക്കുന്ന എല്ലാ പണവും സർക്കാർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലോ (അക്കൗണ്ടുകളിലോ) ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് നിക്ഷേപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയുടെ വാർഷിക കണക്ക്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായി നഗരസഭ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ബാങ്ക് അക്കൗണ്ടിന്റെ പേര്	അക്കൗണ്ട് നമ്പർ
1	സി എസ് ബി - സി എഫ് സി	008704299137190001
2	സി എസ് ബി	008704080042190001
3	സി എസ് ബി ഓൺ ഫണ്ട്	008704080042195001
4	ഫെഡറൽ ബാങ്ക്	11700100226267
5	ഐ സി ഐ സി ഐ ബാങ്ക്	021901001999
6	ഐ സി ഐ സി ഐ ബാങ്ക്	021901003005
7	ഐ സി ഐ സി ഐ ബാങ്ക്	021901003020
8	ഐ സി ഐ സി ഐ ബാങ്ക്	021901003534
9	ഐ സി ഐ സി ഐ ബാങ്ക്	021901003536
10	ഐ സി ഐ സി ഐ ബാങ്ക്	021901003571
11	ഐ സി ഐ സി ഐ ബാങ്ക്	021905002500

12	ഐ സി ഐ സി ഐ ബാങ്ക്	021913004164
13	ഐ സി ഐ സി ഐ ബാങ്ക്	021913004338
14	കേരള ബാങ്ക്	90131000920009
15	കേരള ബാങ്ക്	90131201000001
16	സൗത്ത് ഇൻഡ്യൻ ബാങ്ക്	88405300000798

മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി അക്കൗണ്ടുകൾ ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (25/13.02.2026)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭയുടെ ചട്ടവുരുദ്ധമായി നടപടി ഭരണതലത്തിൽ പരിശോധിക്കേണ്ടതാണ്.

1-17 വാടക വരവ് - അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (2) (എ)) പ്രകാരം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകാവുന്നതും [നിർണ്ണയിക്കപ്പെട്ട രീതിയിൽ] അവയുടെ ഉപയോഗത്തിനും കൈവശത്തിനും അതു നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്.
2024-2025 വാടക ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

ലഭ്യമാക്കിയ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിലെ താഴെ പറയുന്ന റൂമുകളിലെ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ക്ര. നം	പേര്	റൂം നമ്പർ	2024-25 വർഷത്തെ വാടക	2024-25 വർഷത്തെ കുടിശ്ശിക
1	ഏനിക്കുട്ടി	33/135	12*2407	28884
2	അക്ബർ ഇഞ്ചാംകടത്ത്	21/337	3*8768	26304
	ആകെ			55188

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും കുടിശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വാടക (കുടിശ്ശിക ഉൾപ്പെടെ) ലഭ്യമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
2. 2024-25 ലെ വാർഷിക കണക്ക് പ്രകാരമുള്ള വാടക വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുള്ള സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

		ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വാർഷിക കണക്ക്	കറന്റ്	327492	238468	30257
	അരിയർ	368647	106679	0
രജിസ്റ്റർ	കറന്റ്	327492	297235	30257
	അരിയർ	50100	50100	0

3. ബൈലോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മുനിസിപ്പാലിറ്റിയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള അംഗീകരിച്ച ബൈലോ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

4. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. എന്നാൽ 2024-25 കാലയളവിൽ വാടകക്കാരുമായി ചമച്ച കരാറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

5. വാടകക്ക് നൽകുന്ന റൂമുകൾ അനധികൃതമായി കൈമാറ്റം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ നഗരസഭ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/17.02.2026) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

കെ സ്മാർട്ടിൽ നിന്നും ലഭ്യമായ 2024-25 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ ചേർത്തിരിക്കുന്ന റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ്

എടുത്തതായി കാണുന്നില്ല.

ക്രമ നം.	കെട്ടിട നമ്പർ	വാടകക്കാരന്റെ പേര്
1	21/336	സിന്ധു കെ എം
2	33/135	ഏനിക്കുട്ടി
3	33/137	ആർ എം ബഷീർ
4	33 (കെട്ടിട നമ്പർ രജിസ്റ്ററിൽ ഇല്ല)	മുഹമ്മദ് കുട്ടി

മേൽ സ്ഥാപനങ്ങൾക്ക് 2024-2025 ൽ IFTE&OS ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/17.02.2026) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. IFTE&OS ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 കറന്റ് അക്കൗണ്ടിൽ വലിയ തുക സൂക്ഷിച്ചു - പലിശ വരുമാനത്തിൽ നഷ്ടം

വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം Catholic Syrian Bank – Own Fund CSB കറന്റ് അക്കൗണ്ടിൽ 01.04.2024 ന് 5033250 രൂപ മുൻബാക്കിയും 31.3.2025 ന് 30859584 രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 15226503 രൂപ, 31652898 രൂപ). അതു പോലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – SBOI 67222142414 കറന്റ് അക്കൗണ്ടിൽ 01.04.24 ന് 7400087 രൂപ മുൻബാക്കിയും 31.3.2025 ന് 9172268 രൂപ നീക്കിയിരിപ്പും ഉണ്ട്. (ബാങ്ക് പാസ്ബുക്ക് പ്രകാരം യഥാക്രമം 6528867.35 രൂപ , 8724497.8 രൂപ,) കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇക്കാര്യം പരാമർശിച്ചെങ്കിലും നിലവിലും കറന്റ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പുള്ളതിനാൽ പലിശയിനത്തിൽ നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/18.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.
കറന്റ് അക്കൗണ്ടിൽ വലിയ തുക നിലനിർത്താതെ ആയത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 റസീപ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല

റസീപ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (59 /20.02.2026) നൽകിയെങ്കിലും ആയത് ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. . ഇതുമൂലം നഗരസഭയിൽ ഉപയോഗിച്ച റസീപ്റ്റ് ബുക്കുകളുടെ എണ്ണം, നിർവഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള റസീപ്റ്റ് ബുക്കുകളുടെ എണ്ണം, ബാക്കിയുള്ള റസീപ്റ്റ് ബുക്കുകളുടെ എണ്ണം എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കാത്തത് ഭരണതലത്തിൽ പരിശോധിക്കാൻ ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

1-21 ഓൺലൈൻ കളക്ഷനുകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.

നഗരസഭയുടെ വരവുകൾ കെ. സ്മാർട്ടിൽ പരിശോധിച്ചതിൽ ക്യാഷ് കൗണ്ടർ മുഖേനയുള്ള ക്യാഷ് കളക്ഷൻ, EPOS മുഖേനയുള്ള ഔട്ട്ഡോർ ക്യാഷ് കളക്ഷൻ എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടെങ്കിലും ഓൺലൈനായി അടവാക്കുന്ന തുകകളുടെ കൃത്യത ബാങ്ക് സ്റ്റേറ്റ്മെന്റുമായി പരിശോധിച്ച് ബോധ്യപ്പെടാനാവുന്നില്ല. ഡേ ബുക്ക് പ്രകാരം അതത് ഹെഡുകളിൽ കളക്ഷനായി ബുക്ക് ചെയ്ത തുകകൾ ബാങ്ക് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാനാവുന്നില്ല.

ഉദാഹരണത്തിന് 13.2.2025 ലെ ഡേ ബുക്ക് പ്രകാരം ആകെ 127166 രൂപ ഓൺലൈൻ വരവുണ്ട്. ഇതിൽ 11929 രൂപ 14.02.2025 തിയതിയിൽ CSB 008704080042195001 ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. State Bank Of India-SBoI – 67222142414, CSB 008704080042195001 എന്നീ ബാങ്ക് അക്കൗണ്ടുകളുടെ അന്നേ ദിവസത്തെയും തൊട്ടടുത്ത ദിവസങ്ങളിലേയും സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ബാക്കി തുക ക്രെഡിറ്റ് ആയിട്ടില്ല.ആയതിനാൽ കൃത്യത ബോധ്യപ്പെടാനാകുന്നില്ല.

14.2.2025 ലെ ഡേ ബുക്ക് പ്രകാരം ആകെ 97142 രൂപ ഓൺലൈൻ വരവുണ്ട്. ഇതിൽ 4059 രൂപ 15.02.2025 തിയതിയിൽ CSB 008704080042195001 ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. State Bank Of India-SBoI – 67222142414, CSB 008704080042195001 എന്നീ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ബാക്കി തുക തൊട്ടടുത്ത ദിവസങ്ങളിൽ ക്രെഡിറ്റ് ആയിട്ടില്ല. ആയതിനാൽ കൃത്യത പരിശോധിക്കാനാകുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (63/21.02.2026) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരമുള്ള വരവുകളുടെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-22 പണം പിൻവലിക്കൽ അപാകതകൾ

1. കനറ ഓൺഫണ്ട് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 110251458253) നിന്നുള്ള പണം പിൻവലിക്കൽ പരിശോധനയിൽ, ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് പെയ്മെന്റ് ബാങ്ക്

ബുക്കിൽ അക്കൌണ്ട് ചെയ്യുന്നത് എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ചെക്ക് നമ്പർ / തിയ്യതി	തുക	ബാങ്കിൽ നിന്നും പിൻവലിച്ച തിയ്യതി	ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്ത തിയ്യതി	തുക
1	339531/ 08.08.2025	37031	18.08.25	30.08.25	16940
				16.09.25	20091
2	339533/ 16.08.25	96093	16.08.25	18.08.25	20
				16.09.25	71773
				16.08.25	24300
3	440099/ 10.09.25	296836	10.09.25	03.11.25	200000
				16.09.25	69262
				16.09.25	787
				22.09.25	787
				08.10.25	1000
				22.09.25	25000
4	440103/18.09.25	121226	18.09.25	19.09.26	765
				22.09.25	6000
				22.09.25	28000
				22.09.25	1460
				22.09.25	20
				22.09.25	35481
				25.09.25	49500
5	440111/03.10.25	1864932	03.10.25	29.09.25	12956
				13.10.25	7500+20000+20790+51900+22240+7200
				14.10.25	740108+374612
				15.10.25	423250+77508
				31.10.25	27000
				03.11.25	30750
				19.11.25	20000
				29.11.25	29118
6	440112/07.10.25	60127	07.10.25	07.10.25	35481+9983
				13.10.25	9990
				23.10.25	1837
				30.10.25	1837
				05.11.25	1000

2. കനറ ഓൺഫണ്ട് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 110251458253)നിന്നുള്ള പണം പിൻവലിക്കൽ പരിശോധനയിൽ ബാങ്ക് ബുക്കിൽ ചേർത്ത വിവരങ്ങളും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടാത്തതായി കാണുന്നു.

ഉദാ :

A). ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 10.09.2025.ലെ 440099 നം. ചെക്ക് മുഖേന 268030 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് നമ്പറിൽ ബാങ്ക് ബുക്കിൽ ചേർത്തിട്ടുള്ളത് ആകെ 296836 രൂപയാണ് (200000/3.11.2025, 69262/16.09.25, 787/16.09.25, 787/22.09.25, 25000/22.09.25, 1000/08.10.25)

B)ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 23.09.2025.ലെ 440108 നം. ചെക്ക് മുഖേന 631606 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് നമ്പറിൽ ബാങ്ക് ബുക്കിൽ ചേർത്തിട്ടുള്ളത് ആകെ 628178 രൂപയാണ് (16395 + 131060+36723/22.09.2025, 4000+440000/25.09.25)

C)ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 22.10.2025.ലെ 440119 നം. ചെക്ക് മുഖേന 24050 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് നമ്പറിൽ ബാങ്ക് ബുക്കിൽ ചേർത്തിട്ടുള്ളത് ആകെ 23966 രൂപയാണ് (തിയതി 25.10.25)

D)ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 28.11.2025.ലെ 006610 നം. ചെക്ക് മുഖേന 18585 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് നമ്പറിൽ ബാങ്ക് ബുക്കിൽ ചേർത്തിട്ടുള്ളത് ആകെ 17030 രൂപയാണ് (തിയതി 19.11.25)

3. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.(Csb 008704080042 195001)

ഉദാ : A). 01.03.2025 ന് NEFT മുഖേന 10000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക് ബുക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

B). 13.03.2025 ന് NEFT മുഖേന 32256 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക് ബുക്കിൽ ഉൾപ്പെട്ടതായി

കാണുന്നില്ല.

C). 23.05.2025 ന് 100349 നമ്പർ ചെക്ക് മുഖേന 311289 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക് ബുക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 45/19.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 ഗവ.ഹോമിയോ ഹെൽത്ത് സെന്റർ(എസ്.സി.കോളനി), ഒട്ടുംപുറം ആശുപത്രി മാനേജിംഗ് കമ്മിറ്റി- AFS ലഭ്യമാക്കിയില്ല.

ഗവ.ഹോമിയോ ഹെൽത്ത് സെന്റർ(എസ്.സി. കോളനി), ഒട്ടുംപുറം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019 - 2020 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ (AFS) തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വർഷങ്ങളിലെ AFS, വരവ് ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-53/20.02.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

1-24 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം

പ്രോജക്ട് നം, പേര്	അടങ്കൽ തുക	വൗച്ചർ നം.തീയതി&തുക	ആകെ ചെലവ്
68/25 മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ (New)	30,00,000 (വികസനഫണ്ട്)	1.നം.24000582/7.3.25: 19,04,000/- 2.24000308/20.3.25: 5,95,000/- 3.24000348/24.3.25: 4,76,000	29,75,000

ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ നടപ്പിലാക്കിയ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി 28.5.2022 നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.3.2 നമ്പർ വ്യവസ്ഥ പ്രകാരം രജിസ്ട്രേഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് ഫർണ്ണീച്ചർ (മരം കൊണ്ടുള്ള മേശ, കസേര) ഗ്രാമ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നല്കാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം ഫർണ്ണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നല്കണം. എന്നാൽ മേൽ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. പ്രസ്തുത പദ്ധതിയിലെ ഫർണ്ണീച്ചറുകൾ സ്കൂൾ അധികൃതർ മുഖേനയല്ല വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

ARTCOയിൽ നിന്ന് വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ഇൻവോയിസ് നം& തീയതി	വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിവരം	അനുവദിച്ച തുക
1	2024-25PKD-196/20.2.25;19,04,000	1.Hard Wood Chair -320N0s @ 2098 2.HW Singl Draw Table-320Nos.90x60x75cm@2944	19,04,000
2	2024-25PKD-319/19.3.25;5,95,000	1.Hard Wood Chair-100N0s@2098 2.HW Singl Draw Table-100Nos.90x60x75cm@2944	5,95,000
3	2024-25PKD-372/22.3.25;4,76,000	1.Hard Wood Chair-80N0s@2098 2.HW Singl Draw Table-80nos 90x60x75cm@2944	4,76,000
		ആകെ	29,75,000

സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന്(നം.3/25 തീയതി:06.2.26) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ സർക്കാർ പദ്ധതി മാർഗരേഖ ശ്രദ്ധിച്ചു കൊണ്ട് പദ്ധതി നിർവ്വഹിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ടിന്റെ പേര് / അടങ്കൽ തുക	ചെലവ് തുക/ വൗച്ചർനം&തീ:യതി	അനുവദിച്ച തുക(രൂപ)	ഗുണഭോക്താക്കളുടെ എണ്ണം,തുക ചെലവഴിച്ചതിന്റെ വിവരം
1	92/ 25 തദ്ദേശീയമായ നെൽവിത്തുപയോഗിച്ച് കൃഷി(New) 33400(വികസന ഫണ്ട്) 33400(ഗുണഭോക്തൃ വിഹിതം)	33,400/-(വികസന ഫണ്ട്) 24000573/28.12.2024: 33,400	33400	4 കൂലിചെലവിനത്തിൽ തുക അനുവദിച്ചു
2	285/25 തെങ്ങ് കൃഷി വികസനം(SO) 5,00,100(വികസന ഫണ്ട്) 9,33,333(ഗുണഭോക്തൃ വിഹിതം)	36,150 (വികസന ഫണ്ട്) 24000459/ 17.5.2024: 36150 രൂപ	36,150	:17 ഗുണഭോക്താവ് വളം വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 75% തുക അനുവദിച്ചു
3	94/25 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി 1,10,000(വികസന ഫണ്ട്) 1,10,000(ഗുണഭോക്തൃ വിഹിതം)	1,10,000(വികസന ഫണ്ട്) 24150547100310457872/ 7.3.25: 1,10,000	1,10,000	24 കൂലി ചെലവിനത്തിൽ തുക അനുവദിച്ചു
4	84/25 വെറ്റിലകൃഷി വികസനം(NEW) 6,00,000(വികസന ഫണ്ട്) 2,00,000(ഗുണഭോക്തൃ വിഹിതം)	6,00,000 (വികസന ഫണ്ട്) 1).24000511/30.12.24: 4,10,830/- 2).24000306/3.2.25: 1,63,190/- 3).24150547003101457881/ 7.3.25: 25980/-	4,10,830 1,63,190 25,980	41 14 4 ഗുണഭോക്താവ് വളം വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 75% തുക അനുവദിച്ചു
5	274/25 വെറ്റിലകൃഷി വികസനം(so) 6,25,000(വികസന ഫണ്ട്) 2,08,333(ഗുണഭോക്തൃ വിഹിതം)	6,25,000 വികസന ഫണ്ട്) 24000453/14.5.24: 6,25,000/-	6,25,000	67 ഗുണഭോക്താവ് വളം വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 75% തുക അനുവദിച്ചു
6	49/25 തെങ്ങ് കൃഷി വികസനം (New) 13,50,000(വികസന ഫണ്ട്) 4,50,000(ഗുണഭോക്തൃ വിഹിതം)	13,50,000(വികസന ഫണ്ട് 1).24000504/15.1.25: 3,99,010/- 2).24000474/30.12.24: 3,09,987/- 3).24000445/30.12.24: 2,96,730/- 4).24000421/7.3.25; 1,50,555/- 5).24000583/3.2.25: 1,43,270/- 6).24000328/18.3.25: 50,448	3,99,010/- 3,09,987/- 2,96,730/- 1,50,555/- 1,43,270/- 50,448/-	122 86 85 73 35 19 ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 75%തുക അനുവദിച്ചു
7	48/25 നെല്ല് കൃഷി	8,15,300(വികസന ഫണ്ട്)	95040	4 20

	8,15,300(വികസന ഫണ്ട്) 707300(ഗുണഭോക്തൃവിഹിതം)	1.M10090024000564/ 6.3.25: 95040/- 2.M10090024000563/ 28.12.24: 307120 3.M10090024000500/ 28.12.24: 305140 4.M100900-24000277/ 27.9.24: 1,08,000	307120 305140 1,08,000	20 7,07,300രൂപ കൂലി ചെലവിനത്തിലും 1,08,000 രൂപ കൃഷിഭവൻ മുഖേന നെൽവിത്ത് വാങ്ങിയ വകയിലും ചെലവഴിച്ചു. (1.ഇൻവോയിസ് നംSSK/01/2024-25/ 8.8.24:32400. ADA SSF KONGAD 2.ഇൻവോയിസ് നം. STU/RF/118/2024-25/ 08.8.2024:75,600/- DEPT OF SEED SCIENCE AND TECHNOLOGY, KERALA AGRI.UNIVERSITY)
		ആകെ	35,69,850	

രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (ന.22/13.2.26) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ പദ്ധതികൾ നിർവഹിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 35,69,850 ലെ ചെലവു രേഖകൾ ഹാജരാക്കിയ ക്രമ നം7(4) പ്രകാരമുള്ള 1,08,000രൂപ ഒഴികെ ബാക്കി 34,61,850 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-26 വാഹനങ്ങളുടെ വിവരം "VEELS"--ൽ :വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തിൽ General Ledger Trial Balance പ്രകാരം നഗര സഭക്ക് കീഴിലെ വാഹനങ്ങളുമായി ബന്ധപ്പെട്ട് താഴെ കാണുന്ന ചെലവുകൾ നടന്നിട്ടുണ്ട്.

Code	Head Name	Amount
2304001	Vehicle Hire Charges	1569178
2305301	Vehicles Repairs & Maintenance	118324
2725001	Depreciation-Vehicles	122190
2301002	Fuel Charges	58372

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സർക്കുലറിന്റെയും തുടർച്ചയായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് ഓഫീസ് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. ലഭ്യമായ രജിസ്റ്ററുകളിൽ നിന്നും രേഖകളിൽ നിന്നും നഗരസഭക്ക് കീഴിൽ താഴെ കാണുന്ന വാഹനങ്ങൾ നിലവിലുള്ളതായി മനസിലാകുന്നു.

ക്രമ നം.	റജി. നം/ വാഹനം/ മേയ്ക്ക് വർഷം	നിലവിലെ ഉപയോഗം	ഡ്രൈവർ/ നിയമനം	റിമാർക്സ്
1.	KL 55 AH 5605/ Mahindra Bolero Camper-6-2023	ഹെൽത്ത്	ശ്രീ കണ്ണൻ/ പി എസ് സി	-
2.	KL55 V 9810 Toyota Etios 5 Seater-	ചെയർ പേഴ്സൺ	ശ്രീ ബിജു പി സൂപ്പർ	-

	4-2017		ന്യൂമററി	
3.	KL 55 AC 4585 Bolero Passenger 2021	സെക്രട്ടറി	ശ്രീ റാസിക് (ദിവസ വേതനം)	
4.	KL 55 AD 3051 Bus	BUDS	ശ്രീ മുജീബ് (ദിവസ വേതനം)	കുടുംബശ്രീ മിഷൻ നല്കിയത്
5.	Toyota Etios GD 5 Seater	എ ഇ	ശ്രീ അബ്ബാസ്	കരാർ
6.	KL 55 AH 9240 Mahindra Goods Electric 3-Wheeler-11/2023	HKS	നിയമിച്ചിട്ടില്ല	ഐസിഐസിഐ ബാങ്ക് സ്പോൺസർ

ഇവക്ക് പുറമെ മറ്റേതെങ്കിലും വാഹനങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും (മെഡിക്കൽ ഓഫീസർ, എ.ഇ Etc. ഉൾപ്പെടെ) മേൽ സൂചിത നിർദേശങ്ങൾ പ്രകാരം നഗരസഭയിലെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയും നിലവിലുള്ള വാഹനങ്ങൾ, ഡ്രൈവർമാർ, ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകൾ എന്നിവ "VEELS" വെബ്സൈറ്റിൽ ചേർത്ത് കാലികമാക്കിയിട്ടുണ്ടെങ്കിൽ/നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ക്രമ നം. 5 പ്രകാരമുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലിക്കുന്നുണ്ടെങ്കിൽ ആയതും ഇലക്ട്രിക് വാഹനം ആയതിനാൽ ദീർഘ കാലം ഉപയോഗിക്കാതിരിക്കുന്നത് ബാറ്ററി ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനക്ഷമതയെ ബാധിച്ച് വാഹനം ഉപയോഗ ശൂന്യമാകുന്നതിനു കാരണമാകുമെന്നതിനാൽ വാഹനം ഉപയോഗ പ്രദമാക്കാൻ സ്ഥാപനം സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം സംബന്ധിച്ച് സ.ഉ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ. ഔദ്യോഗിക നിലയിലുള്ള ക്ഷണം അനുസരിച്ച് പങ്കെടുക്കുന്ന പരിപാടികൾ, സ്വീകരണങ്ങൾ മുതലായവ, യാത്രാ ബത്തക്കോ വാഹന ബത്തക്കോ അർഹതയില്ലാത്ത വ്യക്തികളെ ഏതെങ്കിലും ഔദ്യോഗിക പരിപാടികളിലോ യോഗങ്ങളിലോ പങ്കെടുക്കുന്നതിന് കൊണ്ടുപോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുന്ന യാത്രകൾ, ജോലി സ്ഥലത്തിന് പുറത്ത് നടക്കുന്നതോ ജോലി സമയത്തിന് മുമ്പും ശേഷവും നടക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടിയുള്ള യാത്രകൾ, പെട്ടെന്നുള്ള രോഗ ബാധ/ അപകടം കാരണം ഏതെങ്കിലും ഓഫീസറെ വീട്ടിലേക്കോ ആശുപത്രിയിലേക്കോ കൊണ്ടുപോകുന്നതിനും തിരിച്ചുമുള്ള യാത്രകൾ, സ്ഥല പരിശോധന യാത്രകൾ തുടങ്ങിയ യാത്രകളാണ് ഔദ്യോഗിക യാത്രകളായി കണക്കാക്കാവുന്നത്. ഓഡിറ്റിനു ലഭ്യമാക്കിയ വിവിധ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ഉണ്ട്.

1).ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് വർഷത്തിലൊരിക്കൽ പി.ഡബ്ളിയു.ഡി മെക്കാനിക്കൽ വിഭാഗം/മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതാണ്. ഉദ്യോഗസ്ഥൻ ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2024-25 വർഷത്തിൽ മുകളിലെ പട്ടികയിലെ ബാധകമായ വാഹനങ്ങളുടെ കാര്യത്തിൽ പ്രസ്തുത നടപടിക്രമം പാലിക്കപ്പെട്ടതായി കാണുന്നില്ല.

2) ഫ്യുവൽ അക്കൗണ്ട് കോളങ്ങൾ മുഴുവനായി പൂരിപ്പിക്കാതെ വാങ്ങിയ ഡീസലിന്റെ വിവരം മാത്രമാണ് ചേർക്കുന്നത്. ഇന്ധനം നിറക്കുന്നത് സൂപ്പർവൈസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ:- ലോഗ് ബുക്ക് പേജ്:36, 64 (പട്ടികയിലെ ക്രമ നം. 1 പ്രകാരമുള്ള വാഹനം)

3) ലോഗ് ബുക്കിന്റെ പ്രസക്തമായ കോളങ്ങളിൽ (Period Of Halt, Kilometers Covered,Signature Of Officer Using The Vehicle, Initials Of The Controlling Officer) രേഖപ്പെടുത്തൽ വരുത്തുകയോ ഫുൾ ടാങ്ക് ആണോ നിറക്കുന്നതെന്ന കോളം (4) രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഉദാഹരണമായി ലോഗ് ബുക്ക് പേജ്:146, 153 (പട്ടികയിലെ ക്രമ നം. 3 പ്രകാരമുള്ള വാഹനം).

4) റിപ്പയർ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) മാസാവസാനം ഇന്ധനം, ദൂരം എന്നിവയുടെ മുൻബാക്കി-തൻമാസ വിവരം-നീക്കി ബാക്കി ഉൾപ്പെടുത്തി ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. എന്നാൽ ക്രമ നം. 3 പ്രകാരമുള്ള വാഹന ലോഗിൽ ആയത് ലഭ്യമല്ല. ക്രമ നം. 2 പ്രകാരമുള്ള വാഹന ലോഗിൽ ഭാഗികമായാണ് സംക്ഷിപ്തം തയാറാക്കിയിട്ടുള്ളത്. തയ്യാറാക്കിയവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

6) കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് നിർദിഷ്ട ഇടവേളകളിൽ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന ഉറപ്പ് വരുത്തി പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

7) സ്പെയർ പാർട്സുകൾ മാറ്റുന്നതിന്റെയും, സർവ്വീസ് റിപ്പയർ എന്നിവയുടെയും വിശദാംശം ലോഗ്

ബുക്കിൽ അതേ തിയ്യതിയിൽ തന്നെ ചേർക്കേണ്ടതും സൂക്ഷിപ്പുകാരനായ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആയതും യഥാവിധി പാലിക്കപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി. നം. 07/06.02.2026 നു മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തുടർ വിവരം ലഭ്യമാക്കേണ്ടതും ആണ്.

1-27 അഡ്വാൻസ്/ഡെപോസിറ്റ്: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം താഴെ കാണുന്ന തുകകൾ ഓഡിറ്റ് തിയതിയിലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

ക്രമ നം.	ഹെഡ്	ഇനം	തുക	റിമാർക്സ്
1.	4601099	Other Loans And Advances	1649589	Schedule B18: Loans, Advances And
2.	4604001	Advance To Suppliers	500000	“
3.	4605002	Advance To Implementing Agencies	12844649	“
4.	4605005	Advance To Mahatma Gandhi NREGS/ AUEGS	233097	“
5.	4605099	Advance To Others	2590779	Schedule B9: Fixed Assets
6.	3401001	Earnest Money Deposit	591047	“
7.	3401002	Security Deposit	196600	“
8.	3401003	Retention	471802	Schedule B7: Deposits Received
9.	3402001	Rent Deposit	46397	“
10.	3402002	Auction Deposit	1457768	“
11.	3402006	Election Deposit(Candidate)	340000	“
12.	3408001	Deposit Received From Halls, Stadiums And	107850	“

		Auditoriums		
13.	3408099	Other Deposits Received	42073	"
	ആകെ		21071651	

ഓഡിറ്റിനു ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ മേൽ പട്ടികയിലെ ക്രമ നം. 4 ഒഴികെയുള്ളവ രേഖപ്പെടുത്തുകയോ രേഖപ്പെടുത്തിയതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഉൾപ്പെടെയുള്ളവയുടെ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലും 2024-25 വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (2020-ലെ സാക്ഷ്യപ്പെടുത്താത്ത വിവരങ്ങൾ ആണ് രജിസ്റ്ററിൽ അവസാനമായി പ്രിന്റ് എടുത്ത് പതിച്ചതായി കാണുന്നത്). പട്ടികയിലെ മറ്റു തുകകൾ ആർക്കൊക്കെയാണ് നൽകിയതെന്നോ എത്ര തിരികെ ഈടാക്കി എന്നോ ഇനി എത്ര ശേഷിക്കുന്നുണ്ട് എന്നോ കാലാവധി പൂർത്തിയാകുന്ന മുറക്ക്/ നിർദിഷ്ട സമയ പരിധിക്കകം തിരിച്ച് അടക്കാത്ത/ക്രമീകരിക്കാത്ത തുക നിയമാനുസൃത പലിശ സഹിതം ഈടാക്കുന്നതുൾപ്പെടെയുള്ള / തിരികെ നല്കുന്നത് പോലുള്ള നടപടികൾ സ്വീകരിക്കാൻ മാറി വരുന്ന ഉദ്യോഗസ്ഥർക്ക് എത്തരത്തിലാണ് സാധ്യമാകുക എന്നതോ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓഡിറ്റിനു ഉറപ്പ് വരുത്താനായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത എത്തരത്തിലാണ് ഉറപ്പ് വരുത്തുന്നത് എന്നതും, ആയതിന് അടിസ്ഥാനമാക്കുന്ന രേഖകൾ സംബന്ധിച്ചും, മേൽ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം/നിലവിലെ അവസ്ഥ സംബന്ധിച്ചും ഇത്തരം സുപ്രധാന പേമെന്റുകളും അവയുടെ ക്രമീകരണങ്ങളും തുടർ നടപടികളും നിരീക്ഷിക്കാൻ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്ത സാഹചര്യത്തിൽ നിലവിൽ സ്ഥാപനം അവലംബിക്കുന്ന സംവിധാനം (K-Smart/Software-ൽ ലഭ്യമെങ്കിൽ ആയതുൾപ്പെടെ) സംബന്ധിച്ചുമുള്ള വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി. നം. 05/6.02.2026 നു മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

1-28 മഴക്കാലപൂർവ്വ ശുചീകരണം: രേഖകൾ ലഭ്യമാക്കേണ്ടതാണ്

2024-25 വർഷത്തിൽ നഗര സഭയിലെ 44 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിനു 20,000 രൂപ വീതം ആകെ 8,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം:

ക്രമ നം.	തുക	ചെക്ക് നം. / തിയതി	ഫണ്ടിനം
1	4,40,000	100186/29.06.2024	ശുചിത്വ മിഷൻ
2	4,40,000	100222/13.9.2024	തനത് ഫണ്ട്

ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്:

1. തുക മെഡിക്കൽ ഓഫീസർ വഴി നല്കുന്നതിനു പകരം വിവിധ വാർഡുകളുടെ സംയുക്ത അക്കൗണ്ടിലേക്ക് നല്കിയതിനാൽ തുകയുടെ ചെലവു വിവരം കോ-ഓർഡിനേറ്റ് ചെയ്യുന്നത് ആരാണെന്നതിലും ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നഗര സഭാ സെക്രട്ടറിക്ക് നല്കേണ്ടത് ആരാണെന്നതിലും അവ്യക്തത നില നിൽക്കുന്നു. കെ-സ്മാർട്ട് ഉൾപ്പെടെ ലഭ്യമായ രേഖകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ വിനിയോഗ സാക്ഷ്യ പത്രം നാളിതു വരെ ലഭ്യമായതായി കാണുന്നില്ല.

2. 1,000 രൂപക്ക് മേലെയുള്ള തുക തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമായിരുന്നു എന്നിരിക്കെ ചെലവു രേഖകൾ ഹാജരാക്കിയ വാർഡുകളിൽ ഒന്നും തന്നെ ശുചീകരണ പ്രവർത്തികൾ നടത്തിയ തൊഴിലാളികൾക്ക് തുക ലഭ്യമായി എന്നുറപ്പിക്കാവുന്ന തൊഴിലാളികളുടെ കൈപ്പറ്റ് രസീതിയോ മറ്റു സാക്ഷ്യപത്രമോ സൂക്ഷിച്ചിട്ടില്ല. അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെട്ട 20,000 രൂപ ആർക്കാണ് നൽകിയതെന്ന വിവരം/കൈപറ്റിയ ആളുടെ രസീതി, അത് പൂർണമായും തൊഴിലാളികൾക്ക് നൽകിയോ തുടങ്ങിയ വിവരവും ഫയലിൽ നിന്നും വ്യക്തമല്ല. പല വാർഡുകളിലേക്കും ലഭ്യമായ തുക വാർഡ് കൗൺസിലർമാർക്ക് നൽകിയതായാണ് കാണുന്നത്.

പൊതുജന ആരോഗ്യം പരിപാലിക്കുന്നതിനായി ഫലപ്രദമായി വിനിയോഗിക്കേണ്ട സാനിറ്റേഷൻ ഫണ്ട് യഥാവിധി വിനിയോഗിക്കപ്പെട്ടെന്നു ഉറപ്പ് വരുത്താത്തത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി മാത്രമെ കാണാൻ സാധിക്കൂ. അപാകതകൾ പരിഹരിച്ച് മറുപടി നൽകേണ്ടതാണെന്നറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി. നം. 12/09.02.2026 നു മറുപടിയായി 4-5 വാർഡുകളിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്താത്ത

വിനിയോഗ സാക്ഷ്യപത്രം മാത്രം ലഭ്യമാക്കി. തുകയുടെ വിതരണ/കൈപറ്റ് രേഖകൾ,പൂർണമായും വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നത് വരെ 8,80,000 രൂപ തടസത്തിൽ വെക്കുന്നു.

1-29 എസ്.എസ്.എ. പദ്ധതിക്ക് തുക വകയിരുത്തൽ: രേഖകൾ ഹാജരാക്കേണ്ടതാണ്.

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടു് പ്രകാരം 40,00,000/- രൂപ പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള യുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0819101104302) നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേരും നമ്പരും	അടങ്കൽ/ ഫണ്ടിനം	ചെലവ്	പേമെന്റ് വിവരം	
			വൗച്ചർ നമ്പർ/ തിയതി	തുക
എസ് എസ് കെ വിഹിതം നൽകൽ-28/25-New	4000000 (വികസന ഫണ്ട് ജനറൽ)	4000000	J-M100900-24000426/06-03-2025	2000000
			J-M100900-24000399/21-02-2025	2000000
			ആകെ	**4000000**

പതിനാലാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം നഗരസഭകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്നും എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണമെന്നും എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപന ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്. നഗരസഭ കൈമാറിയ തുക നഗരസഭാ പരിധിയിൽപ്പെട്ട സ്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തിൽ എസ്.എസ്.കെ. ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിലുള്ള ഓരോ സ്ക്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടികൾ നഗരസഭയെ അറിയിച്ചിട്ടുമില്ല. നഗരസഭാ ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായതായി വിവരം ലഭ്യമാക്കിയിട്ടുമില്ല. ആകെ 40 ലക്ഷം നൽകിയെങ്കിലും ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ 20,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണുള്ളത്. ആയത് മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതോ മേൽ സൂചിത വിശദാംശങ്ങൾ ഉൾപ്പെടുന്നതോ അല്ല. ഓഡിറ്റ് എൻക്വയറി. നം. 20/11.02.2026 നു മറുപടി ലഭ്യമായിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-30 ബിലാത്തിക്കുളം നവീകരണം-പദ്ധതി അപാകതകൾ

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം 90,00,000/- രൂപ ചെറുകിട ജലസേചന വിഭാഗത്തിനു കൈമാറിയിട്ടുണ്ട്. വിശദ വിവരം:

പ്രോജക്ടിന്റെ പേരും നമ്പരും	അടങ്കൽ/ ഫണ്ടിനം	ചെലവ്	വൗച്ചർ നമ്പർ/ തിയതി
ബിലാത്തിക്കുളം നവീകരണം-601/25	DF(CFC Tied Grant) - 9000000	9000000	P-M100900-24000813 /28-01-2025

ഓഡിറ്റിനു ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ഉണ്ട്.

1. സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022 ലെ 12.2.5.ഡി Ii പ്രകാരമുള്ള എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.
2. മേൽ ഉത്തരവിലെ 12.2.5.ഡി Iv പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി തീർക്കാൻ വേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതും നിർവഹണ പുരോഗതി ഡി പി സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദേശം നൽകേണ്ടതുമാണ്. ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല
3. 7.3.2025 നു സ്ഥാപന മേധാവിയും ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയറും തമ്മിൽ ചമക്കപ്പെട്ട കരാറിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം തുക ഡെപ്പോസിറ്റ് ചെയുന്ന മുറക്ക് അംഗീകരിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം സാമ്പത്തികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ഉടമ്പടി വെച്ച് ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ടെൻഡർ നടപടി സ്വീകരിച്ചതിന്റെയോ കരാറുകാരനുമായി ഉടമ്പടി

വെച്ചതിന്റെയോ മറ്റു തുടർ നടപടികളുടെയോ രേഖകൾ ഫയലിലില്ല.
4. പ്രവർത്തിയുടെ പൂർത്തീകരണ വിവരം, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിലില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ/ലക്ഷ്യ പൂർത്തീകരണത്തിനു സ്വീകരിച്ച നടപടി വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/16.02.2026 നു മറുപടി ലഭ്യമായിട്ടില്ല. 90,00,000 രൂപ തടസത്തിൽ വെക്കുന്നു.

1-31 പെരുന്തോട് വി സി ബി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കൽ: വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം 1950000/- രൂപ ജലസേചന മെക്കാനിക്കൽ വിഭാഗത്തിനു കൈമാറിയിട്ടുണ്ട്. വിശദ വിവരം:

പ്രോജക്ടിന്റെ പേരും നമ്പരും	അടങ്കൽ/ ഫണ്ടിനം	ചെലവ്	വൗച്ചർ നമ്പർ/ തിയതി
പെരുന്തോട് വി സി ബി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കൽ-677/25	DF(CFC Basic Grant) - 19,50,000	19,50,000	24000756/15-01-2025

ഓഡിറ്റിനു ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ഉണ്ട്.
1. സ.ഉ.(കൈ) നം.86/2022/LSGD തീയതി 19-04-2022 ലെ 12.2.5.ഡി Ii പ്രകാരമുള്ള എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.
2. മേൽ ഉത്തരവിലെ 12.2.5.ഡി Iv പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി തീർക്കാൻ വേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതും നിർവഹണ പുരോഗതി ഡി പി സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദേശം നൽകേണ്ടതുമാണ്. ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.
3. 14.2.2025 നു സ്ഥാപന മേധാവിയും ജലസേചന മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയറും തമ്മിൽ ചമക്കപ്പെട്ട കരാറിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറക്ക് അംഗീകരിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം നിക്ഷേപം ലഭിച്ചതിനു ശേഷം ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ഉടമ്പടി വെച്ച് കരാർ തിയതി മുതൽ 8 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ടെൻഡർ നടപടി സ്വീകരിച്ചതിന്റെയോ കരാറുകാരനുമായി ഉടമ്പടി വെച്ചതിന്റെയോ മറ്റ് തുടർ നടപടി സ്വീകരിച്ചതിന്റെയോ രേഖകൾ ഫയലിലില്ല.
4. മേൽ സൂചിത കരാറിലെ പത്താം നമ്പർ വ്യവസ്ഥ പ്രകാരം ജലസേചന മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർ ലഭ്യമാക്കേണ്ട പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവയും 11-ാം വ്യവസ്ഥ പ്രകാരമുള്ള ഫൈനൽ ബില്ലിലും അധിക തുക നൽകിയിട്ടുള്ള പക്ഷം തിരികെ ഈടാക്കിയോ എന്നതും ഓഡിറ്റിനു ഉറപ്പ് വരുത്താനായിട്ടില്ല. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.
പദ്ധതിയുടെ നിലവിലെ അവസ്ഥ/ലക്ഷ്യ പൂർത്തീകരണത്തിനു സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണെന്നറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/18.02.2026 നു മറുപടിയും ലഭ്യമാക്കിയിട്ടില്ല. 19,50,000 രൂപ തടസ്സം ചെയ്യുന്നു.

1-32 PMAY/ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കളുടെ വീട് നിർമ്മാണം:പുരോഗതി വിവരം അറിയിക്കേണ്ടതാണ്

ഓഡിറ്റിനു ലഭ്യമാക്കിയ വിവര പ്രകാരം താനൂർ നഗര സഭയിലെ വിവിധ ഡി.പി.ആർ-ൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ പല ഘട്ടങ്ങളിലായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ വീട് നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നവരുടെ വിവരം:

DPR	അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം	എഗ്രിമെന്റ് വെച്ച് ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	നാലാം ഗഡു കൈ പ്പറ്റിവീട് നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം	വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം (3-6)
1	2	3	4	5	6	7
DPR-1 (2017-18)	854	854	854	853	825	29
DPR-2 (2017-18)	330	330	328	328	317	13

DPR-3 (2017-18)	67	67	67	66	63	4
DPR-4 (2018-19)	396	396	394	391	364	32
DPR-5 (2021-22)	165	163	155	149	97	66
DPR-6 (2021-22)	417	409	371	348	174	235
DPR-7 (2023-24)	85	82	60	51	17	65
DPR-8 (2023-24)	62	61	52	44	12	49
ആകെ	2376	2362	2281	2230	1869	493

വിവിധ സ്റ്റേജുകൾ പൂർത്തീകരിക്കാത്തതിന്റെ സ്ഥിതി വിവരം

വിഭാഗം	തറ	മേൽക്കൂര	പൂർത്തീകരണം	ആകെ
DPR-1 (2017-18)	0	1	28	29
DPR-2 (2017-18)	0	2	11	13
DPR-3 (2017-18)	0	1	3	4
DPR-4 (2017-18)	0	5	27	32
DPR-5 (2021-22)	2	14	52	68
DPR-6 (2021-22)	8	61	174	243
DPR-7 (2023-24)	3	31	34	68
DPR-8 (2023-24)	1	17	32	50
ആകെ	14	132	381	507

1) നഗരസഭയുമായി കരാറിലേർപ്പെട്ട് ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ 507 (കരാർ വെച്ച് അഡ്വാൻസ് കൈപറ്റാത്ത 14 പേര് ഉൾപ്പെടെ) ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) DPR 1,2,3,4ൽ ഉൾപ്പെട്ടതും 2017-18 ൽ കരാർ വച്ചതുമായ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന്/ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

3) ഓഡിറ്റിനു ലഭ്യമാക്കിയ രജിസ്റ്ററിൽ വീട് നിർമാണം പൂർത്തിയാക്കിയ/അവസാന ഗഡു വിതരണം ചെയ്യപ്പെട്ട സംഗതികളിൽ പൂർത്തിയായതായി രേഖപ്പെടുത്തി ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി വരുന്നില്ല. ആയതിനാൽ പൂർത്തിയായവ ഏതൊക്കെ ആണെന്ന് റജിസ്റ്ററിൽ നിന്നും മനസിലാക്കാൻ ജീവനക്കാർക്ക് പോലും സാധിക്കാത്ത സാഹചര്യമാണുള്ളത്. മറുപടിയാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി. നം.36/18.02.2026 നു താഴെ കാണും പ്രകാരം മറുപടി ലഭ്യമാക്കി

“1.ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ഏറിയ പങ്കും മത്സ്യത്തൊഴിലാളികളും, ഓട്ടോറിക്ഷ തൊഴിലാളികളും, കൂലിപ്പണിക്കാരും,SC വിഭാഗത്തിൽ പെട്ടവരും ഉൾപ്പെടെ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരാണ്. അതിനാൽ തന്നെ നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്, നിർമ്മാണ മേഖലയിലെ കൂലി ചെലവിലെ വർദ്ധനവും നിർമ്മാണം സമയബന്ധിതമായി മുന്നോട്ടുപോകുന്നത് ബാധിക്കുകയും അത് പദ്ധതി പുരോഗതിയെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണ പദ്ധതി ആയതുകൊണ്ട് തന്നെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല ഗുണഭോക്താക്കൾക്കാണ്. കൂടാതെ ഓരോ നിർമ്മാണ ഘട്ടവും പൂർത്തീകരിച്ച് ജിയോ ടാഗ് ചെയ്തു വരുന്ന മുറയ്ക്ക് മാത്രമേ അർഹമായ ഗഡുക്കൾ ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നുള്ളൂ, അതിനാൽ തന്നെ നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിച്ച് വരുന്നത് തീർത്തും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്താക്കളെ ഏറെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ സ്റ്റേറ്റ് ഏജൻസി ഏൽപ്പിച്ച തേർഡ് പാർട്ടി ക്വാളിറ്റി അഷ്വറൻസ് ടീം അംഗങ്ങൾ വിവിധ ഡിപിആറുകളിലെ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി നിർമാണത്തിലെ ക്വാളിറ്റി അസ്സസ്മെന്റ് നടത്തിവരുന്നുണ്ട്. പദ്ധതിയുടെ കാലാവധി അവസാനിക്കാറായ ഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളെയും ഭവന നിർമ്മാണം പൂർത്തീകരിപ്പിച്ചു പണം അനുവദിക്കുന്നതിനുള്ള കഠിന ശ്രമത്തിലാണ് നഗരസഭ. 2017-18 ആരംഭിച്ച പി എം എ വൈ നഗരം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 2,376 ഗുണഭോക്താക്കൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതും 1,869 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 2,362 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 14 പേരിൽ 3 പേർ എഗ്രിമെന്റ്

ഏർപ്പെട്ടിട്ടില്ലാത്തതും, എഗ്രിമെന്റ് വെച്ച് 11 പേരിൽ തറ നിർമ്മാണം പൂർത്തീകരിച്ച 2 പേർക്ക് ഒന്നാം വിതരണത്തിനുള്ള ഫണ്ട് ലഭ്യമാമാക്കുന്നതിനായി സ്റ്റേറ്റ് നോഡൽ ഏജൻസിയിൽ അപേക്ഷ നല്കിയിട്ടുള്ളതുമാണ്. എഗ്രിമെന്റ് വെച്ചതും തറ നിർമ്മാണം ആരംഭിക്കാത്തതുമായ 9 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ല. തറ നിർമ്മാണം പൂർത്തീകരിച്ചു എന്ന റിപ്പോർട്ടിൽ 132 ഗുണഭോക്താക്കൾ ഉണ്ട് അതിൽ 51 പേർ ലിന്റൽ ഉൾപ്പെടെ നിർമ്മാണം പൂർത്തീകരിച്ചു നിലവിൽ ഭവന നിർമ്മാണം നടത്തിവരികയാണ്. റൂഫ് നിർമ്മാണം പൂർത്തീകരിച്ചു എന്ന റിപ്പോർട്ടിൽ 361 ഗുണഭോക്താക്കളിൽ 67 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഭൗതിക പുരോഗതി കൈവരിച്ചതും ഒക്കുപെൻസി നമ്പറിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലുമാണ്, 70 പേർ അവസാന ഗഡുവിനായി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ഗഡു അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ബാക്കിയുള്ള 224 പേർ ഭവന നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ ആണ്. നിലവിൽ പണം അനുവദിച്ച ഒരു ഗുണഭോക്താവൊഴികെ ബാക്കി എല്ലാവരും ഭവന നിർമ്മാണം നടത്തി വരുന്നുണ്ട്.

2. പി എം എ വൈ അർബൻ ലൈഫ് പദ്ധതിയുടെ ഭൗതിക പുരോഗതി ബഹു. കൗൺസിൽ യോഗങ്ങളിൽ അജണ്ട വെച്ച് അവലോകനം ചെയ്യുകയും, വിവിധ ഘട്ടങ്ങളിലുള്ള ഗുണഭോക്താക്കളുടെ മീറ്റിങ്ങുകൾ ബഹു. ചെയർപെഴ്സന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

- ഗുണഭോക്താക്കളെ ഫീൽഡ് പരിശോധന നടത്തി ഭവന നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.
- മരണപ്പെട്ട ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്ക് ഭവന നിർമ്മാണം തുടരുന്നതിന് നടപടിക്രമങ്ങൾ പാലിച്ച് സർക്കാരിൽ നിന്നും അനുമതി തേടി ഭവന നിർമ്മാണം തടസ്സപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.
- ഭവന നിർമ്മാണം തുടരാൻ സാധിക്കാതെ വരുന്ന ഗുണഭോക്താക്കളെ നടപടിക്രമങ്ങൾ പാലിച്ച് നിയമാനുസൃത പലിശ സഹിതം തിരിച്ചടപ്പിക്കുന്നു.

ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകി അടിയന്തിരമായി ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നു.
3. നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിച്ച് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണ ഘട്ടങ്ങൾ ജിയോ ടാഗ് ചെയ്ത് കേന്ദ്ര-സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും സമയബന്ധിതമായി അനുവദിക്കുന്നതിൽ അതീവ ശ്രദ്ധപുലർത്തുന്നുണ്ട്.

4. ഓഡിറ്റ് നിർദ്ദേശപ്രകാരം റജിസ്റ്ററുകളിൽ ഭവന നിർമ്മാണം പൂർത്തിയായ ഗുണഭോക്താക്കളുടെ നെരെ "കംപ്ലീറ്റഡ്" എന്ന് എഴുതി നിർവഹണ ഉദ്യോഗസ്ഥന്റെ ഒപ്പു രേഖപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുന്നതാണ്."
ഈ വിഷയത്തിലെ പുരോഗതി തുടർ ഓഡിറ്റിൽ നിരീക്ഷിക്കുന്നതാണ്.

1-33 സമഗ്ര വിവരശേഖരണത്തിനായി ജിഐഎസ് മാപ്പിങ്ങ് സംവിധാനം- പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ടിന്റെ പേരും നമ്പരും	അടങ്കൽ/ ഫണ്ടിനം	ചെലവ്	തുക	വൗച്ചർ നമ്പർ/ തിയതി
താനൂർ നഗരസഭ-സമഗ്ര വിവരശേഖരണത്തിനായി ജിഐഎസ് മാപ്പിങ്ങ് സംവിധാനം-654/25	30,00,000 (വികസന ഫണ്ട്- CFC Basic Grant)	2756739	495600	24000586/25-11-2024
			495600	24000777/16.11.2024
			1600339	24000467/15-10-2024
			165200	24000946/06-03-2025

ഫയൽ നം :2270703-25, 1236384-24

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ജി ഐ എസ് മാപ്പിംഗ് സംവിധാനങ്ങൾ നടപ്പിലാക്കാൻ കേരള സർക്കാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS)

അക്രഡിറ്റഡ് ഏജൻസി ആക്കി 04.10.18 ലെ സ.ഉ.(സാധാ) നം. 2556/2018/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. ULCCS കേരളത്തിലെ LSGD കൾക്ക് വേണ്ടി വികസിപ്പിച്ചെടുത്ത ഇൻറലിജൻറ് LSGD എന്ന സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ദൈനംദിന പ്രവർത്തനങ്ങളിലും വിപ്ലവകരമായ മാറ്റങ്ങൾ സാധ്യമാകും വിധമാണ് തയ്യാർ ചെയ്തിട്ടുള്ളത്. ഏറ്റവും പുതിയ സാങ്കേതിക വിദ്യകളായ ഡ്രോൺ, DGPS, ലേസർ ടേപ്പ്, പ്രത്യേകം വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് ആപ്ലിക്കേഷൻ എന്നിവയുടെ സഹായത്തോടെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സൂക്ഷ്മതല ഭൂവിനിയോഗ വിവരങ്ങൾ ഉൾപ്പടെയുള്ള മുഴുവൻ വിവരങ്ങളും ശേഖരിക്കുന്നു. കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ ഡ്രൈനേജ് എന്നിവയുടെയെല്ലാം ഫോട്ടോ ഉൾപ്പടെയുള്ള വിവരങ്ങൾക്ക് പുറമെ അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക തലങ്ങളിലെ മുഴുവൻ വിവരങ്ങളും ശേഖരിച്ച് വിവിധ തരം അനാലിസിസിനു വിധേയമാക്കി ആവശ്യാനുസരണം കണ്ടെത്താൻ സൗകര്യമാകും വിധം ഒരു വെബ് പോർട്ടലിൽ തയ്യാർ ചെയ്യുന്ന സംവിധാനമാണ് ഇത്.

മുനിസിപ്പൽ പ്രദേശത്തിന്റെ വാർഡുകളുടെ അതിര്, കെട്ടിടങ്ങളുടേയും തെരുവ് വിളക്കുകളുടേയും റോഡുകളുടേയും ജലസ്രോതസ്സിന്റേയും സ്ഥാനം തുടങ്ങി പ്രകൃതി-മനുഷ്യ വിഭവങ്ങളുടെ വിവരങ്ങൾ ജി.ഐ.എസ് മാപ്പിംഗ് വഴി മനസ്സിലാക്കാനുതകുന്നതാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി.

ഓഡിറ്റിനു ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്

1. നഗരസഭയുടെ വസ്തുനികുതി സംബന്ധമായ കെട്ടിടങ്ങളുടേയും എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടേയും, റോഡുകളുടേയും, ഹെൽത്തുമായി ബന്ധപ്പെട്ട കാനകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച് സർവ്വെ നടത്തി സമ്പൂർണ്ണമായ വിവര ശേഖരണമാണ് "ജിഐഎസ് മാപ്പിങ്ങ്" എന്ന പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച സമ്പൂർണ്ണമായ ഡാറ്റ കളക്ഷൻ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. എത്ര വാർഡുകളിൽ പൂർത്തിയായി, എത്ര ശേഷിക്കുന്നു, പൂർത്തിയായവക്ക് അനുസരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.
2. ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയറുകളുമായി ജി.ഐ.എസ് മാപ്പിംഗ് സംയോജിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ചമക്കപ്പെട്ട കരാറിലെ അപാകത സൂചിപ്പിച്ച് എഗ്രിമെന്റിലെ ഖ. 11.D, MOU വ്യവസ്ഥക്ക് വിരുദ്ധമായതിനാൽ ആയത് ഒഴിവാക്കേണ്ടതും പകരം ULCC ശേഖരിക്കുന്ന, പ്രോപ്പർട്ടി സർവേയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് നിലവിലെ ഐ.കെ.എം ഡാറ്റാ ബേയ്സുമായി (സഞ്ചയ/LDMS/K-Smart) ഇന്റഗ്രേറ്റ് ചെയ്ത് തരേണ്ടത് ULCC യുടെ മാത്രം ഉത്തരവാദിത്തമാണെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി എഗ്രിമെന്റ് പരിഷ്ക്കരിക്കണമെന്നും ആവശ്യപ്പെട്ട് നഗര സഭാ സെക്രട്ടറിയുടെ 02.03.24 ലെ ആർ-2-3928/2023 നം. കത്ത് ഫയലിൽ ലഭ്യമാണെങ്കിലും ഇക്കാര്യത്തിലെ പുരോഗതിയോ ULCC വ്യവസ്ഥ തിരുത്തിയതായോ വ്യക്തമാകുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.
3. പ്രോപ്പർട്ടി സർവേയുമായി ബന്ധപ്പെട്ട് നഗര സഭയുമായി കരാറിലേർപ്പെട്ട ULCC നടത്തിയ സർവേയിൽ കരാർ പ്രകാരമുള്ള ഏരിയയും (16.55 ച.കി.മി) ഡ്രോൺ സർവേ പ്രകാരമുള്ള ഏരിയയും (20.509 ച.കി.മി-പോർട്ട് അടക്കം, 20.046 ച.കി.മി (പോർട്ട് ഉൾപ്പെടുത്താതെ) തമ്മിൽ വൈരുദ്ധ്യമുള്ളതായി ULCC സ്ഥാപനത്തെ അറിയിച്ചെങ്കിലും(1236384-24) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന വിവരമോ സർവേ നടത്തിയ ഡാറ്റ, അസസ്മെന്റിന് എപ്രകാരമാണ് ഉപയോഗിക്കാനാവുന്നത് എന്നതോ വിശദീകരിക്കപ്പെട്ടിട്ടില്ല. 21.11.2024 -ലെ 3-1 നം. തീരുമാന പ്രകാരം വിസ്തീർണത്തിലെ വ്യത്യാസം പരിശോധിക്കുന്നതിനു ഭരണ സമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമായിട്ടില്ല.
4. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിലില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് ഗ്രൂപ്പുകളായി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന നിബന്ധന പാലിക്കുകയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതായ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി. നം. 55/20.02.2026-ന് മറുപടി ലഭ്യമായിട്ടില്ല. 2756739 രൂപ തടസത്തിൽ വെക്കുന്നു.

1-34 തെരുവു വിളക്ക് എ എം സി-അപാകതകൾ

പ്രോജക്ടിന്റെ പേരും നമ്പരും	അടങ്കൽ/ ഫണ്ടിനം	ചെലവ്	വൗച്ചർ നമ്പർ/ തിയതി
തെരുവ് വിളക്ക് റിപ്പയർ എ എം സി നൽകൽ-218/25	800000 (തനത് ഫണ്ട്)	799895	24001037/22.3.25

നഗരസഭയിലെ കേടുവന്ന സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന്റെ ഭാഗമായി 14/5.3.25 നം. ഇൻവോയ്സ് പ്രകാരം ആകെ 7,99,895 രൂപ ചെലവു വന്നിട്ടുണ്ട് (ഫയൽ നമ്പർ: 1910733-2024).

സ്ട്രീറ്റ് ലൈറ്റ്	1207	573397
ലോ മാസ്റ്റ്	12	67680
ഹൈ മാസ്റ്റ്	5	36800
	ജി എസ് ടി	122018
	ആകെ	799895

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് വാർഡിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011).

2. പ്രവർത്തനക്ഷമമല്ലാത്തതും തെരുവ് വിളക്കുകൾ സർവീസ് ചെയ്യേണ്ടതുമായ ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ/ലൊക്കേഷൻ വിവരങ്ങൾ നഗരസഭ, നിർവഹണ ഏജൻസിക്ക് നൽകിയ വിവരം ലഭ്യമല്ല. ഏതൊക്കെ തെരുവ് വിളക്കുകൾ സർവീസ് ചെയ്തു എന്ന വിവരം കരാർ ഏറ്റെടുത്ത സ്ഥാപനം നഗര സഭയെ അറിയിച്ചതായും കാണുന്നില്ല.

3. മാറ്റപ്പെട്ട ലൈറ്റുകൾ/പാർട്സുകൾ തിരിച്ചേൽപ്പിച്ചതിന്റെയോ എന്തു ചെയ്തെന്നതിന്റെയോ വിശദാംശം ലഭ്യമായിട്ടില്ല.

4. 1207 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, മാസ്റ്റ് ലൈറ്റ് എന്നിവ സർവീസ് ചെയ്തുവെന്ന് ഇൻവോയ്സിൽ കാണിച്ചെങ്കിലും ഏതെല്ലാം വാർഡുകളിൽ എത്ര വീതം ലൈറ്റുകൾ ചെയ്തുവെന്ന് വ്യക്തമാകുന്ന സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമല്ല. ഇത് സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതായി കാണുന്നത്. മേൽ റിപ്പോർട്ടുകളിൽ പോസ്റ്റ്/ലൊക്കേഷൻ തുടങ്ങിയ അടിസ്ഥാന വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇൻവോയ്സിൽ കാണിച്ച ആകെ എണ്ണവും കൗൺസിലർമാരുടെ റിപ്പോർട്ടിലെ എണ്ണവും പരസ്പരം പൊരുത്തപ്പെടുന്നില്ല.

5. എഗ്രിമെന്റിലെ എട്ടാം നം. വ്യവസ്ഥ പ്രകാരം കരാർ കാലയളവിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് പരാതിക്കാരന്റെ പേര്, പരാതിയുടെ തിയതി, വിവരം, പോസ്റ്റ്, തുടങ്ങിയ വിവരങ്ങളടങ്ങിയ കംപ്ലയിന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതും തകരാർ അറിയിക്കാനുള്ള ഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തേണ്ടതും ഓരോ ആഴ്ചയും മേൽ രജിസ്റ്ററിലെ ക്രമമനുസരിച്ച് കരാറുകാരൻ തകരാർ പരിഹരിച്ച് എ ഇ, ഓവർസീയർ എന്നിവരെ കാണിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതുമാണ്. കൂടാതെ പരാതി രജിസ്റ്റർ ചെയ്ത് അകാരണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ ആദ്യ 7 ദിവസത്തിനു ശേഷമുള്ള ഓരോ ദിവസത്തിനും ലൈറ്റൊന്നിനു 10 രൂപ എന്ന നിരക്കിൽ ഫൈൻ ഈടാക്കുന്നതാണ് എന്നതാണ് എഗ്രിമെന്റിലെ വ്യവസ്ഥ നം. 6. എന്നാൽ മേൽ നടപടി ക്രമം പാലിക്കപ്പെടുകയോ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പദ്ധതിയുടെ പ്രവർത്തനരീതി എന്താണെന്നതും ഫലപ്രാപ്തി ഉറപ്പു വരുത്തുന്നതെങ്ങിനെയാണെന്നതും ഓഡിറ്റിന് വിശദീകരിക്കപ്പെടേണ്ടതാണ്.

7.പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 62/21.2.2026 നു മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 7,99,895 രൂപ തടസത്തിൽ വെക്കുന്നു.

1-35 അലോപ്പതി മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിലായി KMSCLന് മുൻകൂർ തുക അനുവദിച്ചിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി : 667/25 വയോമിത്രം - മരുന്ന് വാങ്ങൽ

അടങ്കൽ : 500000/-വികസന ഫണ്ട് ജനറൽ
ചെലവ് : 454095/-

പദ്ധതി പ്രകാരമുള്ള ആകെ ചെലവിൽ, 254095 രൂപയുടെ മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോർ, താനൂരിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബിൽ നം. 24150547002600984446/05.12.2024 പ്രകാരം ആകെ 200000/- രൂപ പ്രഫോമ ഇൻവോയസ് നം. PRF2241/29.11.2024 ന്റെ അടിസ്ഥാനത്തിൽ KMSCLന്റെ 3624005700000027/PUNB362400 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 149094 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ട്.

ക്രമ നം	ഇൻവോയ്സ് നം/തിയതി	ലഭ്യമായ മരുന്ന്-തുക
1	2049/27.02.25	27045
2	563/22.05.25	224
3	559/22.05.25	7982
4	1114/27.06.25	91577
5	2502/22.11.25	12353
6	2906/22.12.25	9913
ആകെ		149094

അവശേഷിക്കുന്ന 50906 രൂപയുടെ മരുന്നുകൾ നാളിതുവരെ KMSCL-ൽ നിന്നും ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല.

2) പദ്ധതി : 06/25 താനൂർ CHC-യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1100000 (300000/-വികസന ഫണ്ട് ജനറൽ + 800000 മെയിന്റനൻസ് ഫണ്ട് NR)
ചെലവ് :1004604 (205194/-വികസന ഫണ്ട് ജനറൽ + 799410 മെയിന്റനൻസ് ഫണ്ട് NR)

പദ്ധതി പ്രകാരം ആകെ 1004604/- രൂപ KMSCL ന്റെ 3624005700000027/PUNB362400 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം	ബിൽ/വൗച്ചർ, പ്രഫോർമ ഇൻവോയ്സ്	ലഭ്യമായ മരുന്ന് വിവരം, ലഭ്യമാവാനുള്ള മരുന്നുകളുടെ തുക
1	Rs. 99976/- ബിൽ നം. 24150547002600421747/05.12.2024 PRF550/09.07.24 Rs. 99976	Inv No. 1422/16.01.25 Rs. 77045, Inv No. 2021/26.02.25 Rs. 22931. 99976- 99976=0
2	Rs. 106071/- ബിൽ നം. 24150547002600806991/22.10.2024 PRF1539/16.10.24 Rs. 100000 (ബാക്കി 6071 രൂപക്ക് നീതി മെഡിക്കൽസിൽ നിന്നും മരുന്ന് വാങ്ങിയതാണ്)	Inv No. 43/08.04.25 Rs. 5152, Inv No. 184/22.04.25 Rs. 25760, Inv No. 706/27.05.25 Rs. 35795, Inv No. 1547/29.07.25 Rs. 33293. 100000-100000=0
3	Rs. 205194/- ബിൽ നം. 24150547002601561785/17.03.2025 PRF4164/10.03.25 Rs. 84262 PRF4165/10.03.25 Rs. 120932	205194-0 = 205194/-
ആകെ ലഭ്യമാവാനുള്ള മരുന്നുകളുടെ തുക		205194

205194/- രൂപയുടെ മരുന്നുകൾ KMSCLൽ നിന്നും ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

3) പദ്ധതി : 706/25 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ

അടങ്കൽ : 1054711 (ഹെൽത്ത് ഗ്രാന്റ്)
ചെലവ് : 907154

പദ്ധതി പ്രകാരമുള്ള ആകെ ചെലവിൽ 279714/- രൂപ, വൗച്ചർ നം. P-M100900-24000656/16.12.2024 പ്രകാരം, പ്രഫോമ ഇൻവോയ്സ് നം. PRF2240/29.11.24 Rs. 149976/-, PRF2239/29.11.24 Rs.129738/- എന്നിവയുടെ അടിസ്ഥാനത്തിൽ KMSCLന്റെ 3624005700000027/PUNB362400 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ വൗച്ചർ പ്രകാരമുള്ള തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

ക്രമ നം. 1, 2, 3 എന്നിവ പ്രകാരം ആകെ 50906+205194+279714=535814/- രൂപയുടെ മരുന്നുകൾ KMSCLൽ നിന്നും ലഭ്യമാവാനവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/07.02.2026 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ എടുത്ത് അറിയിക്കുന്നതാണെന്ന് വ്യക്തമാക്കി. 535814/- രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-36 സർക്കാർ ഉത്തരവ് പാലിക്കാതെ Artco-യിൽ നിന്നും വാങ്ങൽ നടത്തി.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-CHC

പദ്ധതി : 706/24-25 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ
അടങ്കൽ : 1054711/-ഹെൽത്ത് ഗ്രാന്റ്

ചെലവ് : 776482/-.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ആകെ ചെലവിൽ വൗച്ചർ നം. P-M100900-24000599/02.12.2024 പ്രകാരം, 96646/- രൂപ ചെലവഴിച്ച് താനൂർ CHC പരിരക്ഷ യൂണിറ്റിന്, ആർട്ട്കോ-മലപ്പുറത്തിൽ നിന്നും, ചുവടെ പട്ടികയിൽ ചേർത്ത വിവിധ ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിന് ഇൻവോയ്സ് നം. 2024-25/MPM103/24.10.2024 ന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

ക്രമ നം.	ഫർണ്ണിച്ചർ ഇനം	വാങ്ങിയ എണ്ണം	ഒരെണ്ണം വില (GST കൂടാതെ)
1	Digital BP Apparatus With Adapter - Omron	2	2800
2	BP Apparatus Mercurual Manual Type - Elko	1	2050
3	Stethescope Life Line Gold	2	1200
4	Glucometer Strip Oncall 50's	100	9
5	Glucometer	1	525
6	Hub Cutter Needle Hub Cutter Manual	2	450
7	Round Lancet	200	2.5
8	Air Bed	10	2350
9	Nebuliser Omron	3	1776
10	Foldable Walker Impoerted Premium Quality	10	2200
11	Ordinary Wheel Chair Foldable Wheelchair With Mag Wheel Foldable Type	5	4925
12	Steel Bowl SS Medium Size	10	85

സർക്കാർ ഉത്തരവ് (Rt) നം.20/2023/SPD/24.02.2023 പ്രകാരം, ആർട്ട്കോ-യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഉപകരണങ്ങൾ ടി ഉത്തരവിലെ വില നൽകി വാങ്ങാവുന്നതാണ്. എന്നാൽ Artco-യിൽ നിന്നും നേരിട്ട് വാങ്ങാവുന്നതായുള്ള ഉപകരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ വാങ്ങുമ്പോൾ വാങ്ങൽ നടപടി ക്രമങ്ങൾ (ക്വട്ടേഷൻ/ടെണ്ടർ) പാലിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മുകളിലെ പട്ടിക പ്രകാരം വാങ്ങിയ ഉപകരണങ്ങൾ Artco-യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഫർണ്ണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല. ഇവ വാങ്ങിയതിന്റെ ടെണ്ടർ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.
മേൽ വാങ്ങലിന് അടിസ്ഥാനമായ സർക്കാർ ഉത്തരവോ ടെണ്ടർ രേഖകളോ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/10.02.2026ന് ലഭ്യമാക്കിയ മറുപടി പ്രകാരം, സപ്ലേ ഓർഡർ നൽകിയപ്പോൾ മേൽ ഉപകരണങ്ങൾ ആർട്കോ-യിൽ ലഭ്യമാണെന്ന് അവർ അറിയിച്ചതിനാലാണ് അവിടെ നിന്നും വാങ്ങിയത് എന്നാണ് വ്യക്തമാക്കിയത്.
സർക്കാർ ഉത്തരവ് പരിശോധിക്കാതെ/ പാലിക്കാതെ സപ്ലേ ഓർഡർ നൽകി നേരിട്ട് വാങ്ങിയതും, മേൽ പട്ടികയിൽ പരാമർശിച്ചതും മറ്റുമായ സാധനങ്ങൾ നേരിട്ട് വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി ഉണ്ട് എന്ന രീതിയിൽ വിതരണത്തിനായി ആർട്ട്-കോ ഓർഡർ ഏറ്റെടുത്തു എന്നതും അംഗീകരിക്കാവുന്നതല്ല. അപാകതക്ക് വ്യക്തമായ വിശദീകരണം മേൽ സ്ഥാപനത്തിൽ നിന്നുൾപ്പടെ ലഭ്യമാക്കി കാരണം വിശദീകരിക്കേണ്ടതാണ്. ആയത് വരെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 96646/- രൂപ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-37 സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം, നഗരസഭകളിൽ 5000 രൂപക്ക് മുകളിലും 50000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികളും ആയതിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തിയതായും, ചില വാങ്ങലുകളിൽ ടെണ്ടർ നടപടിക്ക് പകരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായും കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി നം, മറ്റ് വിവരം	അപാകതയുള്ള വാങ്ങൽ ചെലവ് വിവരം	അപാകത/കുറിപ്പ്
1	65/24-25, സെക്കണ്ടറി പാലിയേറ്റീവ് കെയർ, അടങ്കൽ 450000, ആകെ ചെലവ് - 340915. പ്ലാൻ ഫണ്ട്.	Rs. 98370, ബിൽ നം. 24150547002601339347/17.02.2025, Inv No. CR501/5.2.25 കൊച്ചിൻ സർജിക്കൽസ് സെമി ഫോളർ ബെഡ് 10 എണ്ണം, ടോപ്പോപ്ലാസ്റ്റ് 3 എണ്ണം	ടെണ്ടർ നടപടി സ്വീകരിച്ചില്ല.
2	705/24-25 നഗരപ്രദേശങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. അടങ്കല് 3948244/- ഹെൽത്ത് ഗ്രാന്റ് ചെലവ് : 3244335/-.	Rs. 101021, വൗച്ചർ നം. P-M100900-24000411/19.09.2024, ഡയഗ്നോ കെയർ (A) Inv No-R714/13.06.24 Rs, 92245 ലാബ് ഇനങ്ങൾ (B) Inv No R1414/21.08.24 Rs. 8776. ലാബ് ഇനങ്ങൾ	(A) പ്രകാരമുള്ള ചെലവിന് ടെണ്ടറിന് പകരം ക്വട്ടേഷനാണ് നടത്തിയത്, (B) ചെലവിന് ക്വട്ടേഷൻ വിളിച്ചില്ല.
3		Rs. 98000, വൗച്ചർ നം. P-M100900-24001041/23.03.2025, (A) Inv No-	വർക്ക് നടത്തുന്നതിന് ടെണ്ടറിന് പകരം മൂന്ന് സ്ഥാപനങ്ങളിലെ

	FMB2C/24-253950/21.01.25 Rs. 41400, (B) Inv No-FMB2C/24-253951/27.01.25 Rs. 28000, (C) IInv No-125/25/27.01.25 Rs. 28600 FM Aluminium- PHC Lab Shelf Work	ക്വട്ടേഷനുകൾ എഴുതി വാങ്ങുക മാത്രമാണ് ചെയ്തത്. ടെണ്ടർ നടപടി സ്വീകരിച്ചില്ല, ക്വട്ടേഷൻ/ ടെണ്ടർ നോട്ടീസ്, കമ്മിറ്റി തീരുമാനം ഒന്നുമില്ല.

മേൽ വാങ്ങലുകൾ ഉൾപ്പടെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വിവിധ പദ്ധതികൾ പ്രകാരം വാങ്ങലുകൾ നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 16/10.02.2026ന് ലഭ്യമാക്കിയ മറുപടി പ്രകാരം, ക്രമ നം. 1 വാങ്ങലിന് 07-02-24 ന് ടെണ്ടർ നോട്ടീസ് നൽകിയിരുന്നതായും ആരും എത്താത്തതിനാൽ പിന്നീട് 2025-26 ൽ ആണ് ടെണ്ടർ നടപടി സ്വീകരിച്ചത് എന്നും, ക്രമ നം. 2, 3 എന്നിവ ജി.ഒ(പി) നം. 03/2013/SPD തിയതി. 21.06.2013 ഉൾപ്പടെയുള്ള സ്റ്റോർ പർച്ചേസ് ഉത്തരവുകൾ പ്രകാരമാണ് നടപടികൾ സ്വീകരിച്ചത് എന്നും വ്യക്തമാക്കി.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരമുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത് എന്നിരിക്കെ മേൽ മറുപടികൾ ഉചിതമല്ല. ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, വാങ്ങലുകൾക്ക് ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1-38 പൂർണ്ണമായ തുക വിനിയോഗ വിവരം/ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-CHC

പദ്ധതി : 705/24-25 നഗരപ്രദേശങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
അടങ്കൽ : 3948244/-ഹെൽത്ത് ഗ്രാന്റ്
ചെലവ് : 3244335/-.

പദ്ധതിയുടെ ഭാഗമായി വിവിധ വൗച്ചറുകൾ പ്രകാരമുള്ള ആകെ ചെലവിൽ, വൗച്ചർ നം. P-M100900-24000657/16.12.2024 പ്രകാരം 10,00,000 രൂപ UPHC താനൂരിന് അനുവദിച്ചിട്ടുണ്ട്. മേൽ ചെലവിന്റെ പൂർണ്ണമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/10.02.2026ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആകെ 330755 രൂപയുടെ വിനിയോഗ വിവരം/ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയും 669245 രൂപ നീക്കിയിരിപ്പായി ഉള്ളതായും മെഡിക്കൽ ഓഫീസർ അറിയിച്ചു. എന്നാൽ നീക്കിയിരിപ്പ് വിവരം ഉറപ്പാക്കുന്നതിന് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് മറുപടിയുടെ കൂടെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ ഹെൽത്ത് ഗ്രാന്റ് തുക സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് ഫലപ്രദമായ രീതിയിൽ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും അക്കൗണ്ട് പാസ്സ് ബുക്ക്/സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-39 ഹരിതകർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ- 87923 രൂപ അധിക ചെലവ്

നിർവ്വഹണം : ഹെൽത്ത് സൂപ്പർവൈസർ

പദ്ധതി : 169/24-25 ഹരിതകർമ്മ സേന അംഗങ്ങൾക്ക് ശുചീകരണ സാധനങ്ങൾ
അടങ്കൽ : 300000/- CFC

ചെലവ് : 299965/-. വൗച്ചർ നം. 24001078/29.03.2025 Rs. 299965.

പദ്ധതി പ്രകാരം ഹരിതകർമ്മ സേനക്ക് ശുചീകരണ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി ദർഘാസ് നം. 16599/24/24.01.25 (ക്വട്ടേഷൻ നോട്ടീസ് നം. രേഖപ്പെടുത്തിയിട്ടില്ല)/24.01.2025) പുറപ്പെടുവിച്ചത് പ്രകാരം 6 സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ലഭ്യമായതിൽ, SHIBU Distributors കാലിക്കറ്റ് എന്ന സ്ഥാപനത്തിന് 24.02.2025ന് സപ്ലൈ ഓർഡർ നൽകി 15.03.25ന് കരാർ ചമച്ച് (202425000002267688) ഇൻവോയ്സ് നം. 137/20.03.25 പ്രകാരം ചുവടെ ചേർത്ത ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം	ഉപകരണം	എണ്ണം	ഒരെണ്ണം വില	GST ഉൾപ്പടെ ആകെ വില
1	Gloves	1000 Pair	40.67	47990.6
2	Disposable Gloves	1000 Pair	3.12	3494.4
3	Shoes	76 Pair	213.39	18163.75
4	Hand Wash	40 Ltr	57.62	2719.66
5	Soap	380 Nos	25.42	11398.32
6	First Aid Box	5 Nos	598.21	3349.97
7	Sack	14500 Nos	12.44	212848.4

ആകെ	299965.1

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊക്യൂർമെന്റ് പ്ലാൻ പ്രകാരം ആവശ്യകത നിർണ്ണയിച്ചതിന് ആധാരമായ, ഏതൊക്കെ ഉപകരണങ്ങൾ എത്ര വീതം വേണം എന്നത് സംബന്ധിച്ച് ഹരിതകർമ്മസേനയുടെ ആവശ്യകത കത്ത് ഫയലിൽ ഇല്ല.

2) ക്വട്ടേഷൻ/ടെണ്ടർ നോട്ടീസിലോ മറ്റോ ഏതൊക്കെ സാധനങ്ങൾ ഏത് തരം സ്പെസിഫിക്കേഷനിൽ എത്ര എണ്ണം വേണം എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ തന്നെ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഒരേ സാധനത്തിന് തന്നെ ഒന്നിലധികം വിലകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ശരിയായ രീതിയിൽ താരതമ്യം ചെയ്ത് കുറഞ്ഞ വില കണ്ടെത്തിയത് എങ്ങനെയെന്നത് വ്യക്തമല്ല.

3) കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഏത് സ്ഥാപനം ഏതൊക്കെ ഉപകരണങ്ങൾക്ക് കുറഞ്ഞ വില രേഖപ്പെടുത്തിയത് എന്നത് സംബന്ധിച്ച വിവരം രേഖപ്പെടുത്തി, ഏത് സാധനം ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങാവുന്നതാണ് എന്നത് സംബന്ധിച്ച ശുപാർശ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് നൽകിയതായോ ആയത് കമ്മിറ്റിയോ ഭരണസമിതിയോ അംഗീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഹാജരാക്കിയതായോ ഇല്ല.

4) ലഭ്യമായ ഉപകരണങ്ങൾ, നിശ്ചിത സ്പെസിഫിക്കേഷനിൽ ക്വാളിറ്റിയോടെ ഉള്ളതാണ് എന്നത് പരിശോധിച്ച് ഉറപ്പാക്കി ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം രേഖപ്പെടുത്തി ഇൻവോയ്സ് കാൻസൽ ചെയ്തിട്ടില്ല.

5) ഓരോ ഇനത്തിനും കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനങ്ങൾക്ക് ടെണ്ടറുകൾ വിഭജിച്ച് നൽകാമെന്നിരിക്കെ അപ്രകാരം ചെയ്ത് അതത് സാധനങ്ങൾക്ക് കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങാതെ ഉയർന്ന വില രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് വഴി അധിക ചെലവ് നടത്തിയതായി ഉണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ഉപകരണം	വാങ്ങിയ വില - ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്	ടെണ്ടർ വില						അധികം ചെലവഴിച്ച തുക (വാങ്ങിയ വില – ടെണ്ടറിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ വില)	ആകെ അധികം ചെലവഴിച്ച തുക (വാങ്ങിയ എണ്ണംx അധികം നൽകിയ തുക)
		ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്	Iron India Distr.	Headco	Corit World	Jimco Exim (Incl GST)	BSGST Agencies		
Gloves/ Kitchen Glove	40.67	34, 42, 48	52	26, 38, 48, 55, 68, 84, 98, 120, 140	165	49	35, 48, 64	40.67-26 = 14.67	1000x14.67=14670
Disposable Gloves	3.12	2, 3	2.5	5.5, 6.75	8	4.72	13, 19, 24	3.12-2=1.12	1000x1.12=1120
Shoes	213.39	190, 240	325	180, 215, 240, 280, 320	450	280	340, 420, 490	213.39-180=33.39	76x33.39=2537.64
Hand Wash	57.62	48, 68	40	44	75	130	120, 140, 160	57.62-40=17.62	40x17.62=704.8
Soap	25.42	30	20	19, 27	40	25	18, 22, 34	25.42-18=7.42	380x7.42=2819.6
First Aid Box	598.21	780	550	260, 370	500	490	450, 560, 680	598.21-260=338.21	5x338.21=1691.05
Sack	12.44	12.90, 13.5, 14.9, 19.5	9.8	8, 10, 12, 13.8, 16.8	20	17	12, 16, 18	12.44-8=4.44	14500x4.44=64380
ആകെ അധികം ചെലവഴിച്ച തുക									87,923/-

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 41/19.02.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അധിക ചെലവുണ്ടാക്കിയതുൾപ്പടെയുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ അപാകതകൾ കാരണം അധികം നൽകിയ തുക 87,923/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-40 ഓർഗാനിക് കമ്പോസ്റ്റ് ബിൻ വിതരണം പദ്ധതി - ജിയോ ടാഗ്ഗിംഗ് പൂർത്തീകരിച്ചില്ല, അപാകതകൾ.

നിർവ്വഹണം - ഹെൽത്ത് സൂപ്പർവൈസർ

പദ്ധതി: - 790/25, ഓർഗാനിക് കമ്പോസ്റ്റ് ബിൻ.

അടങ്കൽ - 5236000(4712400 CFC+ 523600 ഗുണഭോക്തൃ വിഹിതം)

ചെലവ് - 4712400 (CFC).

വൗച്ചർ നം - P-M100900-24001045/26.03.2025 Rs.4712400

പദ്ധതിയുടെ ഭാഗമായി ഓർഗാനിക് കമ്പോസ്റ്റ് ബിൻ വിതരണത്തിനായി ടെണ്ടർ(303850/25/27.02.2025) വിളിച്ചതിൽ, ടെണ്ടർ ലഭിച്ച Agro Flame Industries Pvt Ltd -ൽ നിന്നും, ചുവടെ പട്ടികയിൽ ചേർത്ത ഇൻവോയ്സുകൾ പ്രകാരം യൂണിറ്റ് ഒന്നിന് 2380 രൂപ നിരക്കിൽ 2200 എണ്ണം ഓർഗാനിക് കമ്പോസ്റ്റ് ബിനുകൾ ലഭ്യമാക്കിയതിന് ഗുണഭോക്തൃ വിഹിതം ഒഴികെയുള്ള 4712400 രൂപ ടി സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

ഇൻവോയ്സ് നം/തിയതി	വാങ്ങിയ എണ്ണം	ഇൻവോയ്സ് തുക
79/24/18.03.2025	470	1118600
80/24/21.03.2025	1000	2380000
81/24/24.03.2025	730	1737400
ആകെ	2200	5236000

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആകെ 2200 എണ്ണം ഓർഗാനിക് കമ്പോസ്റ്റ് ബിനുകൾ വാങ്ങിയതിന്റെ തുക അനുവദിച്ചിട്ടുണ്ടെങ്കിലും, ഫയലിൽ ലഭ്യമാക്കിയ കൈപ്പറ്റുകൾ പ്രകാരം, ചുവടെ പട്ടികയിൽ ചേർത്ത പ്രകാരം വിവിധ വാർഡുകളിൽ ആയി ആകെ 809 എണ്ണം ഓർഗാനിക് കമ്പോസ്റ്റ് ബിനുകൾ മാത്രം വിതരണം ചെയ്തതായാണ് കാണുന്നത്. ഇതിൽ തന്നെ കൈപ്പറ്റ് ഒപ്പ് വെക്കാത്തവയും ഉണ്ട്. പട്ടികയിൽ ഉൾപ്പെടാത്ത വാർഡുകളിൽ വിതരണം ചെയ്തതായി കൈപ്പറ്റുകൾ ഇല്ല.

വാർഡ് നം	കൈപ്പറ്റ് എണ്ണം	വാർഡ് നം	കൈപ്പറ്റ് എണ്ണം
2	33	20	50
3	21	22	50
4	68+50	23	50
6	58	29	33
7	50	33	50
8	39	34	52
9	50	35	32
11	50	36	35
14	38	-	-
ആകെ	457		352

2) ഓർഗാനിക് കമ്പോസ്റ്റ് ബിനിന്റെ വിലയിൽ 10% ഗുണഭോക്തൃ വിഹിതമായി 523600 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ വിവിധ രസീതുകൾ പ്രകാരം ആകെ 277294 രൂപ മാത്രം പിരിച്ചെടുത്തതായാണ് കാണുന്നത്. ഇത് ഏതൊക്കെ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയ തുകയാണ് എന്നത് വ്യക്തമാകുന്ന രേഖകൾ/രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഒന്നിലധികം ഗുണഭോക്താക്കളുടെ തുക ഒരു രസീത് വഴി നഗരസഭയിൽ അടവാക്കിയിട്ടുള്ളതിനാൽ ഓരോ രസീത് വഴിയും അടവാക്കിയ തുക ആരുടേതാണ് എന്നതും വ്യക്തമല്ല.

3) സ.ഉ.നം. 34/2024/LSGD/04.01.2024 ഉൾപ്പടെയുള്ള ഉത്തരവുകൾ പ്രകാരം ജൈവ മാലിന്യ സംസ്കരണ കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിച്ച് കഴിഞ്ഞാൽ ആയത് ജിയോ ടാഗ്ഗിംഗ് ചെയ്യേണ്ടതാണ്. എന്നാൽ ജിയോ ടാഗ്ഗിംഗ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.04.2023ലെ 2243/C2/2019/SM നമ്പർ നടപടിക്രമം പ്രകാരം 3 വർഷ വാറണ്ടി ഉണ്ടായിരിക്കേണ്ടതും, സേവന ദാതാക്കൾ വാറണ്ടി കാലയളവിൽ മൂന്ന് മാസത്തിൽ ഒരിക്കലും ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും അവർ സ്ഥാപിച്ച മാലിന്യസംസ്കരണ ഉപാധി പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച പ്രപ്പോസൽ ഗുണഭോക്താവിന്/തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ വാറണ്ടിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് വാറണ്ടി സംബന്ധിച്ച രേഖകൾ ഒന്നും ഗുണഭോക്താക്കൾക്ക് നൽകിയതായോ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

5) സ.ഉ.നം. 34/2024/LSGD/04.01.24 ഉൾപ്പടെയുള്ള ഉത്തരവുകൾ പ്രകാരം മാലിന്യസംസ്കരണ ഉപാധി സ്ഥാപിച്ച് കഴിഞ്ഞാൽ ആയതിന്റെ ഉപയോഗം സംബന്ധിച്ച്, വിതരണം ചെയ്ത കമ്പനി ഗുണഭോക്താക്കൾക്ക് ക്ലാസ്/ ബോധവൽക്കരണം നൽകേണ്ടതും, വിതരണം ചെയ്ത ബയോ ബിന്നുകൾ ശരിയായ രീതിയിൽ സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നത് നിരീക്ഷിച്ച് ശരിയായ രീതിയിലുള്ള പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതുമാണ്.

എന്നാൽ ഇത്തരത്തിൽ ബോധവൽക്കരണം നടത്തിയതിന്റെയോ പ്രവർത്തനം നിരീക്ഷിച്ചതിന്റേയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6) ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് അടവാക്കിയിട്ടില്ല.

7) പദ്ധതി മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 64/21.02.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, സ്ഥാപിച്ച ഓർഗാനിക് കമ്പോസ്റ്റ് ബിന്നുകളുടെ ജിയോ ടാഗ്ഗിംഗ് പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 4712400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-41 മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കൽ പൂർത്തീകരിച്ചില്ല

2024-25ൽ SCDO നിർവ്വഹണം നടത്തിയ പദ്ധതി നം. 556/24-25, വീട് വാസയോഗ്യമാക്കൽ SC- പദ്ധതിയുടെ ഭാഗമായി, അടങ്കൽ തുകയായ 1500000 രൂപയിൽ (SCP) ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം 1425000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	ബിൽ നം	തുക
1	24150547004401135100/06.01.2025	1200000
2	24150547004401135103/06.01.2025	75000
3	24150547004401135105/06.01.2025	75000
4	241505470044011314803/12.02.2025	75000
ആകെ		1425000

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, വീട് വാസയോഗ്യമാക്കലിനായി അഡ്വാൻസ് തുക 75000 രൂപ വീതം കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ വീട് വാസയോഗ്യമാക്കൽ പ്രക്രിയ പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	തുക അനുവദിച്ച ബിൽ വിവരം
1	സുബ്രഹ്മണ്യൻ പുന്നത്താട്ടിൽ	75000	മുകളിലെ പട്ടികയിലെ ക്രമ നം. 1 ബിൽ
2	കാളി കാർക്കോളി	75000	
3	ബാലൻ മുനമ്പത്ത്	75000	മുകളിലെ പട്ടികയിലെ ക്രമ നം. 3 ബിൽ

അഡ്വാൻസ് തുക കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും വീട് വാസയോഗ്യമാക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും, വീട് വാസയോഗ്യമാക്കൽ പ്രക്രിയ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് പൂർത്തീകരണ വിവരം അറിയിക്കുകയോ, തുക തിരികെ ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 44/19.02.26-മറുപടി ലഭ്യമാക്കിയല്ല).

1-42 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 57942 രൂപ തിരിച്ചടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിന്റെയും പ്രവൃത്തി നടന്ന സൈറ്റിൽ നേരിട്ട് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളെ തുടർന്ന് ചുവടെ കൊടുത്ത പട്ടിക പ്രകാരം 57942 രൂപ തിരിച്ചടവാക്കി.

ക്രമ നമ്പർ	ഓഡിറ്റ് പരാമർശം	എൻക്വയറി നമ്പർ	തിരിച്ചടവാക്കിയ തുക	രശീത് നമ്പർ
1	ബെഡ് കോൺക്രീറ്റിംഗിന് തെറ്റായ നിരക്ക് നൽകിയത്. 333/25 കണ്ണന്തളി ട്രാൻസ്ഫോർമർ റോഡ് ഡ്രെയിനേജ്	19/11.02.2026	3524	25017152/21.02.2026
2	വിവിധ പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകിയത്.	21/11.02.2026	6266	25017150/21.02.2026
3	കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികളുടെ പിഴ	47/19.02.2026	15997	25017151/21.02.2026

	ഈടാക്കാത്തത്. 1.,SO 520/25 ഓലപ്പീടിക ബദർപള്ളി മുക്കോല റോഡ് ഡ്രെയിനേജ്- 8993 രൂപ 2.SO411/25 ചമ്മൽ നിലം റോഡ് കോൺക്രീറ്റിംഗ് -7004 രൂപ			
4	686/25 പരിയാപുരം ജി.എം.എൽ.പി സ്കൂൾ മെയിന്റനൻസ് ഗ്രൗണ്ട് ഫില്ലിംഗ്- തുറസ്സായ സ്ഥലത്ത് മണ്ണ് നിറക്കുന്നതിന് അധിക നിരക്കിൽ തുക നൽകിയത്	48/19.02.2026	29230	25017149/21.02.2026
5	അംഗനവാടി നമ്പർ1- ഹാന്റ് റെയിൽ-തെറ്റായി അളവ് രേഖപ്പെടുത്തിയതു കാരണം കരാറുകാരന് അധികം നൽകിയ തുക	49/19.02.2026	2925	25017148/21.02.2026
		ആകെ	57942	

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-43 ജനകീയ ഹോട്ടൽ-വാടക,വൈദ്യുതി ചെലവ് രേഖകൾ ലഭ്യമല്ല

ക്രമ നം.	പ്രൊജക്ട് നമ്പർ/പേര്	അടങ്കൽ തുക / ചെലവ്തുക.	വൗച്ചർനമ്പർ / തീയതി.
1.	52/25 ജനകീയ ഹോട്ടൽ- വാടക,വൈദ്യുതിബിൽ തുക നല്കൽ (New)	1,50,000 (വികസന ഫണ്ട്) ചെലവ് തുക: 1,04,319/-	M100900-2400035 /22-03-25: 1,04,319/-
2.	320/25 ജനകീയ ഹോട്ടൽ- വാടക,വൈദ്യുതിബിൽ തുക നല്കൽ (SO)	71,654/- (വികസന ഫണ്ട്) ചെലവ് തുക: 71,346/-	M100900-2400028/25-3-25: 71,346

പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം താനൂർ മുൻസിപ്പാലിറ്റിയിലെ അഴിമുഖം ജനകീയ ഹോട്ടൽ,അമ്മ ജനകീയ ഹോട്ടൽ എന്നിവയുടെ വാടക,വൈദ്യുതിബിൽ തുക നല്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.അഴിമുഖം ജനകീയ ഹോട്ടലിന്റെ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെയുള്ള വാടകയിനത്തിൽ ക്രമ നം.1 പ്രോജക്ട് പ്രകാരം 26,132 രൂപയും അമ്മ ജനകീയ ഹോട്ടലിന്റെ വാടകയിനത്തിൽ 72000 രൂപയും ചെലവഴിച്ചിട്ടുണ്ട്,എന്നാൽ വാടക തുക നിശ്ചയിച്ചതിന്റെ രേഖകൾ, കൈപ്പറ്റ് രശീതി എന്നിവ ഫയലിൽ ലഭ്യമല്ല. അമ്മ ജനകീയ ഹോട്ടലിന്റെ 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള വൈദ്യുതിബിൽ തുക 5346 രൂപ അനുവദിച്ചതിൽ 2037 രൂപയുടെ വൈദ്യുതിബിൽ ഫയലിൽ ലഭ്യമല്ല.

2.ക്രമ നം.2 പ്രകാരമുള്ള പ്രോജക്ടിന്റെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 71,346 രൂപയാണ്.എന്നാൽ വൗച്ചർ പ്രകാരമുള്ള ചെലവ് തുക 71,654 യും ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3.കൃഷ്ണ ജനകീയ ഹോട്ടലിന് വാടകയിനത്തിൽ നല്കിയ 71,346 (ക്രമനം.2) രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം33/18.2.26)നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-44 കുടുംബശ്രീ വനിതകൾക്ക് നൈപുണ്യ പരിശീലനം- അപാകങ്ങൾ

പ്രൊജക്ട് നമ്പർ.	574/25

പ്രൊജക്ടിന്റെ പേര്.	കുടുംബശ്രീ വനിതകൾക്ക് നൈപുണ്യ പരിശീലനം
അടങ്കൽ തുക.	2,00,000/- രൂപ. (വികസന ഫണ്ട്)
ചെലവഴിച്ച തുക.	75,000/- രൂപ.
വൗച്ചർനമ്പർ / തീയതി.	2400042/22.3.2025 :75000
നിർവ്വഹണ ഉദ്യോഗസ്ഥൻ.	പ്രോജക്ട് ഓഫീസർ

2024-25 വർഷത്തിൽ കുടുംബശ്രീ വനിതകൾക്ക് നൈപുണ്യ പരിശീലനം പദ്ധതിയിലേക്ക് 14.2.25 ലെ സി.ഡി.എസ് ഭരണസമിതിയോഗം 11 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 20.3.2025, 21.3.2025 എന്നീ തീയതികളിലും 11.3.2025 മുതൽ 13.3.2025 വരെയും പരിശീലനം നടത്തിയ വകയിൽ 75,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.പരിശീലനത്തിൽ പങ്കെടുത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്
1	ഷൈലജ
2	ഉമ്മു സൽമ
3	രഹീന
4	പാത്തുക്കുട്ടി
5	ഫാത്തിമത്ത് സുഹ്റ
6	റഹീന.കെ
7	താഹിറ.കെ
8	സാബിറ
9	മൈമൂനത്ത്
10	ഹസ്നത്ത്
11	സാജിത

പരിശീലനത്തിന് വേണ്ടി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ട്രെയിനിഗ് ഇൻസ്ട്രക്ടറുടെ പേര്	പരിശീലനം നടത്തിയ തീയതി	അനുവദിച്ച തുക
1	ശ്രീമതി മേരി ലിയ.സി.എ ലക്ചറർ, മഹാരാജാസ് കോളേജ്	20.3.2025, 21.3.2025	5000
2	ശ്രീ.അൻവർ.എസ് വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ, ഇലക്ടിക് എഞ്ചിനീയറിംഗ്,എസ്.എസ്.എം. പോളിടെക്നിക്ക്, തിരൂർ	11.3.2025 12.3.2025 13.3.2025	15,000
3	ശ്രീ.കോശി.പി.കെ. ട്രെയിനർ ,ഇലക്ട്രിക് സെക്ഷൻ എസ്.എസ്.എം. പോളിടെക്നിക്ക് ,തിരൂർ	11.3.2025 12.3.2025 13.3.2025	12,000
4	ശ്രീ.സിദ്ദിക്ക് മുഹമ്മദ് ഇലക്ട്രിക് സെക്ഷൻ എസ്.എസ്.എം. പോളിടെക്നിക്ക്,തിരൂർ	11.3.2025 12.3.2025 13.3.2025	12,000രൂപ
5	ശ്രീ രാജേഷ്.പികെ ട്രെയിനർ ഇലക്ട്രിക് സെക്ഷൻ എസ്.എസ്.എം. പോളിടെക്നിക്ക്,തിരൂർ	11.3.2025 12.3.2025 13.3.2025	12,000
	ആകെ		56,000

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഏത് മേഖലയിലാണ് നൈപുണ്യ പരിശീലനം നടത്തിയതെന്ന് ഫയലിൽ വ്യക്തമല്ല.

2.ഒരേ പരിശീലനാർത്ഥികൾ തന്നെയാണ് രണ്ട് സെക്ഷനിലും പങ്കെടുത്തിട്ടുള്ളത്.

3.പരിശീലനം ലഭിച്ചതിന് ശേഷം ഗുണഭോക്താക്കൾ ഏതെങ്കിലും തരത്തിലുള്ള സംരംഭം ആരംഭിച്ചതിന്റെയോ നിലവിൽ ഏർപ്പെട്ടിട്ടുള്ള സംരഭക പ്രവർത്തനത്തിൽ ഗുണപരമായ മാറ്റം സിദ്ധിച്ചതിന്റേയോ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.

4.ഫയലിലെ സംക്ഷിപ്ത പ്രകാരം ചുവടെ ചേർത്ത വിധം 21,336 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	ചെലവിനം	തുക
1	സബിത ഹോട്ടൽ,താനൂർ	7360
2	വെറൈറ്റി ഫുഡ്സ്,താനൂർ	11,661
3	മൈ ഫാഷൻ താനൂർ	2315
	ആകെ	21,336

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം32/18.2.26) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-45 ബഡ്സ് സ്കൂൾ-ഫർണ്ണീച്ചർ,പാത്രങ്ങൾ വാങ്ങൽ- സർക്കാർ വ്യവസ്ഥകൾ പാലിച്ചില്ല

പ്രൊജക്ട് നമ്പർ.	319/25
പ്രൊജക്ടിന്റെ പേര്.	ബഡ്സ് സ്കൂൾ- ഫർണ്ണീച്ചർ, പാത്രങ്ങൾ വാങ്ങൽ
അടങ്കൽ തുക.	4,00,000/- രൂപ. (മറ്റുള്ളവ)
ചെലവഴിച്ച തുക.	3,76,234/- രൂപ.
വൗച്ചർനമ്പർ /തീയതി.	24001087/29.3.25: 3,76,234/-
നിർവ്വഹണ ഉദ്യോഗസ്ഥൻ.	പ്രോജക്ട് ഓഫീസർ

താനൂർ നഗരസഭയ്ക്ക് കീഴിലെ ബഡ്സ് സ്പെഷ്യൽ സ്കൂളിലേക്ക് ഫർണ്ണീച്ചർ, പാത്രങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കു വേണ്ടി KADCO-യിൽ നിന്ന് 3,76,234 രൂപക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. 24.2.2023 തീയതിയിലെ സ.ഉ(ആർ.ടി) നം.141/2023/SPD നമ്പർ ഉത്തരവിൽ പ്രസ്തുത ഉത്തരവിന്റെ അനുബന്ധ പട്ടികയിൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങൾ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുവർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം മുനിസിപ്പാലിറ്റികൾ മുഖേനയുള്ള വാങ്ങലുകളിൽ 1,00,000 രൂപക്ക് മുകളിലുള്ള വാങ്ങലുകളും സേവനങ്ങളും ഓപ്പൺ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുകളിൽ പരാമർശിച്ച പദ്ധതിയുടെ നടത്തിപ്പിൽ KADCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന ഫർണ്ണീച്ചറുകളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവയിൽ നിന്നും വ്യതിചലിച്ച് താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയത് ക്രമപ്രകാരമല്ല.ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങളൊന്നും പാലിച്ചതായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. KADCOയിൽ നിന്ന് വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.(ESTIMATE/OUOTATION NO.KADCO/NRO/S&SS/SEC-TNR-MPLTY/EQ-462/2024-25 DTD.21.3.2025)

ക്രമ നം	വാങ്ങിയ ഫർണ്ണീച്ചർ/എണ്ണം	യൂണിറ്റ് വില	അനുവദിച്ച തുക
1	Wooden U Shape Table-8 Seated Using Treated Rubwood Panels With Standard Fixtures And Fittings-5Nos	25380+GST	1,49,742
2	Hard Wood Chair Armed Cushioned Seat-40Nos.	4188+GST	1,97,673.60
3	Hard Wood Table (120x60x75)-1	12662+GST	14,941.16
4	Plastic Chair Armed-Nilkamal-20Nos	588+GST	13876.80

	ആകെ		3,76,234

2.ഒറിജിനൽ ഇൻവോയിസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.പ്രസ്തുത ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4.സുലേഖ സ്റ്റേറ്റ്മെന്റിൽ മറ്റുള്ളവ എന്ന വിഭാഗത്തിലാണ് ഫണ്ട് വിഹിതം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ KSMARTൽ തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.38/18.2.26) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-46 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ-ഭക്ഷണ വിതരണം -അപാകങ്ങൾ

ക്രമ നം.	പ്രൊജക്ട് നമ്പർ/പേര്	അടങ്കൽ തുക / ചെലവ്തുക.	വൗച്ചർനമ്പർ /തീയതി.
1.	282/25 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ-ഭക്ഷണ വിതരണം(SO)	1,00,000 (വികസന ഫണ്ട്) ചെലവ് തുക:99,107/-	JM100900-24000363/21.5.24:99107
2.	186/25 അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ-ഭക്ഷണ വിതരണം- (NEW)	1,00,000/- (വികസന ഫണ്ട്) ചെലവ് തുക:1,00,000/-	JM100900-24000363/22.3.25: 1,00,000/-
	നിർവ്വഹണ ഉദ്യോഗസ്ഥൻ.	പ്രോജക്ട് ഓഫീസർ	

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. ക്രമ നം.1 പ്രോജക്ടിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ,തിരൂരിൽ നിന്ന് ഇൻവോയിസ് നം1002110/231312/20.11.2023:99100/- (ചെലവ് തുക 99107 രൂപയാണ്) രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 98 കിറ്റുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല.

ക്രമ നം	പേര്	ഐ.ഡി നം	വാർഡ് നം.
1	മെഹറുന്നീസ	36132	22
2	റാബിയ ബി.പി	44654	24
3	സാജിത	44095	24
4	ആയിഷ.സി.പി	45264	24
5	ഇമ്പിച്ചുമ്മ	31098	25
6	ബീരാൻകോയ	31356	25

2. (I) ക്രമ നം 2 പദ്ധതിയിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ, തിരൂരിൽ നിന്ന് ഇൻവോയിസ് നം1002110/241165/13.3.2025: 1,05,069/- (ചെലവ് 100000 രൂപയിൽ ലിമിറ്റ് ചെയ്തു) രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ 98 കിറ്റുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(Ii) ഫയലിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിൽ താഴെ പറയും പ്രകാരമുള്ള റിമാർക്സ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തതായി കാണുന്നു.

ക്രമ നം	പേര്	റിമാർക്സ്
1	നബീസമോൾ,ഓലപ്പീടിക	മരണപ്പെട്ടു
2	കല്യാണി,കുന്നുമ്പുറത്ത്	പാർക്ക്ഡ്

	സൗത്ത്	
3	ഷീജ	വിവാഹം കഴിച്ചു
4	ആമിനാബി, കാട്ടിലങ്ങാടി സൗത്ത്	മുൻപ് ലിസ്റ്റിൽ ഇല്ല
5	സഹനാസ് വെമ്പലംപറമ്പ്	വേണ്ട
6	ആമ്നതെസ്നി	ലിസ്റ്റിൽ ഇല്ല
7	ഇമ്പിച്ചുമ്മ ചാപ്പപടി	പാർക്ക്ഡ്

3. കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം37/18.2.26) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-47 വീട് വാസയോഗ്യമാക്കൽ- സർക്കാർ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

പ്രൊജക്ട് നമ്പർ.	553/25
പ്രൊജക്ടിന്റെ പേര്.	വീട് വാസയോഗ്യമാക്കൽ
അടങ്കൽ തുക.	39,00,000/- രൂപ. (വികസനഫണ്ട്)
ചെലവഴിച്ച തുക.	17,00,000/- രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	പ്രോജക്ട് ഓഫീസർ

ലൈഫ് മിഷൻ മാർഗരേഖ പ്രകാരം പദ്ധതിക്ക് കീഴിൽ ഭവന നിർമാണം-പുനരുദ്ധാരണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ആദ്യ തുക കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കേണ്ടതുണ്ട്.

പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

ക്രമ നം	വൗച്ചർനം/ തീയതി	തുക	ഗുണഭോക്താക്കളുടെ എണ്ണം
1	JM100900-2400052 /25.1.25	4,50,000	18
2	JM100900-2400058 /22.3.25	4,00,000	16
3	JM100900-24000515 /23.12.24	7,00,000	28
4	JM100900-24000497/22.3.25	1,50,000	6
	ആകെ	17,00,000	68

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022 നമ്പർ സബ്സിഡി, ധനസഹായം സബന്ധിച്ച മാർഗ്ഗരേഖയിലെ ക്രമനമ്പർ 6.7 (4) ലെ വ്യവസ്ഥ പ്രകാരം പുതിയവീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമെ ധനസഹായത്തിന് അർഹതയുള്ളൂ. താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

1.വൗച്ചർ നം. 24000515 /23.12.2024:7,00,000/-

ക്രമ നം.	ഗുണഭോക്താവിന്റെ പേര്
1	കുഞ്ഞൻബാവ,ചുണ്ടന്റെ പുരക്കൽ
2	അസൈനാർകോപ്പിന്റെ പുരക്കൽ
3	മൊയ്തീൻകുട്ടി ,പഴയ വളപ്പിൽ
4	കമല,പാറയിൽ
5	സഫിയ കുന്നത്ത്
6	നൂറുദ്ദീൻ വടക്കയിൽ
7	നബീസ ,പോക്കുഹാജിന്റെ പുരക്കൽ
8	മുഹമ്മദ് കുട്ടി കണ്ടാണത്ത്

9	ഹംസകുട്ടി,കായിരിക്കാന്റെ പുരക്കൽ
10	അബൂബക്കർ,കാനകത്ത്
11	ശശികുമാർ,പുതിയാട്ടിൽ
12	സരോജിനി,കൂളിൽ
13	ശിഹാബ്,കോർവന്റെ പുരക്കൽ
14	കുഞ്ഞി മുഹമ്മദ്,ചക്കപ്പന്റെ പുരക്കൽ
15	സുബ്രഹ്മണ്യൻ.വി. വാഴങ്ങാട്ടിൽ
16	വിനോഷ്.എ.പി.അടിപറമ്പത്ത്
17	ഹംസകോയ കള്ളിയത്ത്
18	മോഹനദാസൻ വലിയപറമ്പ്
19	മുജീബ്,പാണാട്ടിൽ
20	അച്യുതൻ നായർ,പട്ടാട്ടിൽ
21	ശശിധരൻ, തേലത്ത് മാധവൻങ്ങാട്ടിൽ
22	സുജാത വെളവത്ത്
23	രാജൻ ചോലയിൽ വീട്ടിൽ
24	സജിത അഷ്റഫ് കാഞ്ഞിരാങ്ങൽ
25	ബഷീർ ചൊക്കീടിന്റെ പുരക്കൽ
26	ബാപ്പൂട്ടി,മാക്കന്റെ പുരക്കൽ

2.വൗച്ചർ നം. 2400052 /25.1.2025:4,50,000/-

ക്രമ നം.	ഗുണഭോക്താവിന്റെ പേര്
1	ചെറിയബാവ കോമൂന്റെ പുരക്കൽ
2	മുഹമ്മദ് കുട്ടി,പൊന്നാക്കാരന്റെ പുരക്കൽ

3വൗച്ചർ നം. 24000497 /22.3.2025:1,50,000/-

ക്രമ നം.	ഗുണഭോക്താവിന്റെ പേര്
1	നഫീസ ഓര്യപ്പാട്ട് വീട്ടിൽ
2	ശോഭന ചടയൻവീട്ടിൽ
3	കുഞ്ഞി മരക്കാർ.കെ
4	മുഹമ്മദ് കുട്ടി
5	ഫാറൂക്ക് കെ.പി

4.വൗച്ചർ നം. 2400058 /22.3.2025:4,00,000/

ക്രമ നം.	ഗുണഭോക്താവിന്റെ പേര്
1	ഇമ്പിച്ചുമ്മ ആണ്ടിപ്പാട്ട്
2	യൂസഫ് നൂർ എ.പി
3	ഹംസ,കൂരിക്കാട്ടിൽ

2.കാഷ്ബുക്ക്,പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.ഗുണഭോക്താക്കളുമായുള്ള കരാർ വ്യവസ്ഥയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ,കരാറിൽ നിർമാണ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(61/20.2.2) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-48 ആയുർവേദ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 മുതലുള്ള വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

ഗവ.ആയൂർവേദ ഹോസ്പിറ്റൽ, താനൂർ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 മുതൽ 2023-24 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ (AFS) തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വർഷങ്ങളിലെ AFS, വരവ് ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.54 /20.2.26)

1-49 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം- അപാകതകൾ

2024-25 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി, വിവിധ വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പ്രകാരം നഗരസഭയിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച/ഇന്റിമേഷൻ നൽകിയ വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും, സഞ്ചയ/കെ-സ്മാർട്ട് പ്രകാരം നിലവിൽ നഗരസഭ നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെ വിവരങ്ങളും പരിശോധിച്ചു.

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ, കെ-സ്മാർട്ട് എന്നിവ പ്രകാരം 2021-22 മുതൽ 2024-25 വരെ കാലയളവിൽ 10 പെർമിറ്റ് അപേക്ഷകൾ/ഇന്റിമേഷനുകൾ ആണ് ലഭ്യമായത്. ഇതിൽ 3 വാർത്താ വിനിമയ ഗോപുരങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കി വരുന്നുണ്ട്(23/256A, 20/117A, 10/142A). ബാക്കി 7 എണ്ണത്തിൽ പെർമിറ്റ്/ ഇന്റിമേഷൻ ഫീസ് ഈടാക്കിയതും, പെർമിറ്റ്/ഒക്കുപ്പൻസി അനുവദിച്ചവയും, പെർമിറ്റ് അനുവദിച്ചതായോ മറ്റോ രേഖപ്പെടുത്താത്തതായും ഉണ്ട്. ഇവക്ക് ഒന്നും തന്നെ നാളിതുവരെ കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. മേൽ 7 എണ്ണത്തിന്റെ രജിസ്റ്റർ/കെ-സ്മാർട്ട് അപേക്ഷകൾ പ്രകാരം ലഭ്യമായ സർവ്വേ നമ്പറുകളിൽ ടെലഫോൺ ടവറുകൾക്ക് കെട്ടിട നമ്പറുകൾ അനുവദിച്ചതായും കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രജിസ്റ്ററിലെ ക്രമ നം/ഇൻവാർഡ്/ ഫയൽ നമ്പർ.	അപേക്ഷകന്റെ/ കമ്പനി പേര്	പെർമിറ്റ്/സർവ്വേ നം.
1	BA/125/21	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ/ മിലു മജീദ്	E1BA(170929)2021/13.08.21
2	BA/126/21	ഇൻഡസ് ടവർ	E1BA(152338)2021/20.07.21
3	BA/01/22-23	ഇൻഡസ് ടവർ	141/11
4	BA/159/22-23	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ	148/8, Division-21
5	BA/12/23-24	ഇൻഡസ് ടവർ	വിവരം ലഭ്യമല്ല
6	BA/99/2025, KS 2830638-24	ഇൻഡസ് ടവർ	70/10-2, Division 4
7	BA/111/2025, KS 2075594-24	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ	186/2-3, Division 43

മേൽ അപേക്ഷകളിന്മേൽ നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചതാണോ, വിവിധ കാരണങ്ങളാൽ നമ്പർ / ഒക്കുപ്പൻസി/ പെർമിറ്റ് നിരസിച്ചതാണോ, പെർമിറ്റ്/ഇന്റിമേഷന് ശേഷം ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭ്യമാവാതെയും നികുതി അടവാക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിലേക്കായി ചുവടെ ചേർത്ത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 42/19.02.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1) മേൽ അപേക്ഷകളിന്മേൽ ടവറുകൾ അതത് സൈറ്റുകളിൽ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ സർക്കുലർ നം. 40395/ആർ.സി.2/2014ത.സ്വ.ഭ.വ തിയതി. 25.10.2014 സർക്കുലർ നിർദ്ദേശത്തിന്റെയോ, സ.ഉ(കൈ)നം. 77/2023/LSGD തിയതി.22.03.2023 ലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലോ പരിശോധിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

2) മേൽ അപേക്ഷകളിന്മേൽ നമ്പർ /ഒക്കുപ്പൻസി/ പെർമിറ്റ് നിരസിച്ചതാണെങ്കിൽ രേഖകൾ സഹിതം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) മേൽ ടവറുകളുടെ പെർമിറ്റ്/ഇന്റിമേഷൻ ഫയലുകൾ, സൈറ്റുകളുടെ വാർഡ്/സ്ഥല വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

4) മേൽ അപേക്ഷകളിന്മേൽ നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ കെട്ടിട നമ്പർ വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, എല്ലാ ടവറുകളുടെയും അപേക്ഷകൾ പ്രകാരമുള്ള നിർമ്മാണ സ്ഥലങ്ങൾ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗവുമായി ചേർന്ന് സ്ഥല പരിശോധന നടത്തി, പ്രവർത്തിച്ച് വരുന്ന ടവറുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, തുടർനടപടി വിവരം രേഖകൾ, സ്ഥലപരിശോധന റിപ്പോർട്ട് തുടങ്ങിയവ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-50 വാർത്താ വിനിമയ ഗോപുരങ്ങളുടെ വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ കെ-സ്മാർട്ടിൽ പരിശോധിച്ചതിൽ ചുവടെ പട്ടികയിൽ ചേർത്ത ടെലഫോൺ ടവറുകളുടെ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുള്ളതായി കണ്ടെത്തി.

ക്രമ നം	കെട്ടിട നമ്പർ(2013)	ടവർ കമ്പനി/ ഉടമ പേര്	LC ഉൾപ്പടെ വസ്തുനികുതി കുടിശ്ശിക (2024-25 വരെ)	നികുതി ഒടുക്കാത്ത കാലയളവ്
1	42/337	BSNL ടവർ	1,53,122/-	2013-14 മുതൽ മുതൽ 2024-25 വരെ
2	35/474 A	നാരായണൻ എം.കെ	43,603/-	2019-20 മുതൽ മുതൽ 2024-25 വരെ
ആകെ കുടിശ്ശിക			196725	

വസ്തു നികുതി യഥാസമയം പിരിച്ചെടുക്കാതെ വന്നാൽ പിന്നീട് പിരിച്ചെടുക്കാൻ കഴിയാതെ കാലഹരണപ്പെട്ടു പോകുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കാവുന്നതാണ്. ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതും വസ്തു നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 42/19.02.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല)

1-51 കെട്ടിട നമ്പർ ലഭ്യമാവാത്ത/വസ്തു നികുതി അടവാക്കാത്ത കെട്ടിടങ്ങളിൽ അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

28.03.2023ലെ നമ്പർ 15(2) ലെഗ് എ2/2023/നിയമം സർക്കാർ വിജ്ഞാപനം/ഉത്തരവ് പ്രകാരം അൺ എയിഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങൾക്കും അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങൾക്കും (സർക്കാർ, എയ്ഡഡ് ഒഴികെ) അനുവദിച്ച് വന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺഎയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെയും വസ്തു നികുതി ഒഴിവാക്കി നൽകാവുന്നതല്ല. ഇത്തരം സ്ഥാപനങ്ങളുടെ വസ്തു നികുതി പുന:സ്ഥാപിച്ച് ഈടാക്കേണ്ടതാണ്.

എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, നഗരസഭയിൽ തൊഴിൽ നികുതി അടവാക്കി പ്രവർത്തിച്ച് വരുന്ന ചുവടെ ചേർത്ത അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ കെ-സ്മാർട്ടിൽ പരിശോധിച്ചതിൽ, ടി കെട്ടിടങ്ങളുടെ വസ്തു നികുതി 01.04.2023 പ്രാബല്യത്തിൽ പുന:സ്ഥാപിച്ചിട്ടില്ല, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമായാണ് നില നിൽക്കുന്നത് എന്ന് കണ്ടെത്തി.

ക്രമ നം	കെട്ടിട ഉടമ/ സ്ഥാപനം	കെട്ടിട നമ്പർ, വിസ്തീർണ്ണം	കുറിപ്പ്
1	Al Noor School	13/384, താഴത്തെ നില 280ച മീ+ഒന്നാം നില 280 ച.മീ	വെബ്സൈറ്റ്/ഗൂഗിൾ പ്രകാരം സ്ഥാപനങ്ങൾ ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. എന്നാൽ നഗരസഭയിൽ ഒന്നോ രണ്ടോ നിലകൾക്ക്/ക്ലാസ് മുറികൾക്ക് മാത്രമാണ് നമ്പർ അനുവദിച്ചതായി ഉള്ളത്. അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടെയാണ് വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്ന് കാണുന്നു.
2	Pleasent English School	13/172, താഴത്തെ നില 570ച മീ	
3	Devi Vidhya Niketan	3/333 (കെ-സ്മാർട്ടിൽ വിവരങ്ങൾ ലഭ്യമാകുന്നില്ല)	
4	MES Central School	കെട്ടിട നമ്പർ ലഭ്യമാക്കിയിട്ടില്ല	
5	ICH School	22/123 – താഴത്തെ നില 140ച.മീ, 22/124 താഴത്തെ നില 600ച.മീ	

കെട്ടിട നമ്പർ ലഭ്യമാവാതെയും വസ്തുനികുതി അടവാക്കാതെയും അനധികൃത നിർമ്മാണങ്ങളിലുമുൾപ്പടെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായാണ് കാണുന്നത്. ഇത് സംബന്ധിച്ച് **ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/13.02.2026 നൽകിയതിന് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ,** 20.02.2026ന് നഗരസഭ കാര്യാലയത്തിന്റെ തൊട്ടടുത്ത പ്രദേശങ്ങളിലായി ഉള്ള രണ്ട് സ്ഥാപനങ്ങളിൽ നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട ഉടമ/ സ്ഥാപനം	കെട്ടിട നമ്പർ, വിസ്തീർണ്ണം	സ്ഥല പരിശോധനയിലെ കണ്ടെത്തൽ
1	MES Central School Tanur	സ്ഥാപനത്തിന്റെ കെട്ടിട നമ്പർ , മറ്റ് വിവരം നഗരസഭ ലഭ്യമാക്കിയിട്ടില്ല	നാല് നിലകളുള്ള ഒരു വലിയ കെട്ടിടം, ഒരു ഭാഗത്ത് രണ്ട് നിലകളും മറ്റൊരു ഭാഗത്ത് 3 നിലകളും ഉള്ള ഒരു കെട്ടിടം, ഷീറ്റ് മേഞ്ഞ മറ്റൊരു ഒരു നില കെട്ടിടം എന്നിങ്ങനെ മൂന്ന് കെട്ടിടങ്ങളിലായി സ്കൂൾ പ്രവർത്തിച്ച് വരുന്നുണ്ട്. നഗരസഭയുടെ കെ-സ്മാർട്ടിൽ മേൽ നിർമ്മിതികൾ ഉൾപ്പെട്ടതായോ നികുതി അടവാക്കിയതായോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2	ICH School Tanur	22/123 – താഴത്തെ നില 140ച.മീ, 22/124 താഴത്തെ നില 600ച.മീ	നാല് നിലകളുള്ള കെട്ടിടങ്ങളിലായാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കെ-സ്മാർട്ടിൽ താഴത്തെ നിലകൾ മാത്രമാണ് ഉള്ളത്.

സമയ പരിമിതി മൂലം കെട്ടിടങ്ങളുടെ പൂർണ്ണമായ അളവെടുത്ത് തിട്ടപ്പെടുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് നേരിട്ട് പരിശോധിക്കാത്ത സ്ഥാപനങ്ങളിൽ നഗരസഭ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

ഇത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
1) മേൽ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതും മേൽ സ്ഥാപനങ്ങൾ എയിഡഡ് സ്ഥാപനങ്ങളോ മറ്റ് പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം നികുതി ഒഴിവാക്കപ്പെട്ടവയോ ആണെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം മേൽ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ നേരിട്ട് പരിശോധിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ ചട്ടപ്രകാരം നടപടി സ്വീകരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

2) പട്ടികയിലെ ക്രമ നം.4 ആയ MES Central School-ന്റെ കെട്ടിട നമ്പർ, നാളിതുവരെയുള്ള നികുതി ഒടുക്ക് വിവരമോ നിർമ്മാണ പെർമിറ്റോ മറ്റ് രേഖകളോ ഒന്നും തന്നെ നഗരസഭ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ടി സ്ഥാപനത്തിലെ ബഹുനില കെട്ടിടങ്ങൾ അനധികൃത നിർമ്മാണം ആണെന്നത് വ്യക്തമാണ്.

2011ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 242 പ്രകാരം അനധികൃത നിർമ്മാണങ്ങൾക്ക് ചട്ടപ്രകാരമുള്ള വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി നികുതിയും ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകേണ്ടതും, ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ട കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ മറ്റോ നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

മേൽ അനധികൃത സ്കൂൾ കെട്ടിടത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കെട്ടിടം ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ അനുവദിച്ച്, കെട്ടിടം എന്ന് മുതലാണോ പ്രവർത്തിച്ച് വരുന്നത് അന്നു മുതലുള്ള വസ്തു നികുതി, കെട്ടിടം നിയമാനുസൃത കെട്ടിടമായിരുന്നെങ്കിൽ അടവാക്കേണ്ടിയിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നതു വസ്തു നികുതിയായി നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-52 PWD റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ കെട്ടിടനമ്പർ/നികുതി വിവരം ലഭ്യമാക്കിയില്ല

നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, നഗരസഭയിൽ തൊഴിൽ നികുതി അടവാക്കി പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ PWD റസ്റ്റ് ഹൗസ് ഉണ്ടെങ്കിലും ആയതിന്റെ കെട്ടിട നമ്പർ/വസ്തു നികുതി വിവരം നഗരസഭയിൽ ലഭ്യമല്ല എന്ന് കാണുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പ്

പ്രകാരം വസ്തു നികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഇത്തരം കെട്ടിടം ഉൾപ്പെടാത്തതിനാൽ അവയുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

PWD റസ്റ്റ് ഹൗസിന്റെ കെട്ടിട നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം/കാരണം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നികുതി അടവാക്കാതെ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടി വിവരം/അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 43/19.02.2026- മറുപടി ലഭ്യമാക്കിയില്ല).

1-53 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്. സ.ഉ(സാധാ) നം. 1228/2024/LSGD തിയതി 06.07.2024 പ്രകാരം മുനിസിപ്പാലിറ്റികളിലെ K-Smart വഴിയുള്ള വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ 2024 സെപ്തംബർ 30-നകം പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതുമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറി രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ പ്രകാരം ചട്ട പ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചും കെട്ടിങ്ങളെ/വസ്തു നികുതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയുടെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കേണ്ടത് സംബന്ധിച്ചുമാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നഗരസഭ പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും വിവരങ്ങളും ഫീൽഡ് പരിശോധനക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/07.02.2026 മറുപടി ലഭ്യമാക്കിയിട്ടില്ല)

1-54 കുടിവെള്ള വിതരണം സംബന്ധിച്ച രേഖകൾ പൂർണ്ണമല്ല-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിർവഹണം - **ഹെൽത്ത് സൂപ്പർവൈസർ**

പദ്ധതി - 184/24-25 വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണം

അടങ്കൽ - 1952450/-(CFC)

ചെലവ് - 1952450/-വൗച്ചർ നം. 24000509/26.10.2024

(Part Bill, ബാക്കി Rs.1266700 രൂപ വൗച്ചർ നം. 25000114/30.05.2025ന് നൽകി)

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 പ്രകാരം നഗരസഭയിലെ കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി, 2024-UAD-666735-1/13.03.2024 നമ്പർ ഇ ടെണ്ടർ നോട്ടീസ് മുഖേന ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (ലിറ്ററിന് 0.55പൈസ) ശ്രീ. റഷീദ് ടി എന്ന കരാറുകാരനെ 16.03.24ലെ 20 നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അംഗീകരിച്ച് H2/309845/16.03.2024 നമ്പർ സെലക്ഷൻ നോട്ടീസ് നൽകി 11.03.2024ന് കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്.

2024 മാർച്ച് (Rs. 252450) , ഏപ്രിൽ(Rs. 1184700) , മെയ്(Rs. 1287000) , ജൂൺ(Rs. 495000) എന്നിങ്ങനെ വിവിധ മാസങ്ങളിലായി ആകെ 3219150 രൂപയുടെ കുടിവെള്ള വിതരണം നടത്തിയതായി അറിയിച്ച വകയിൽ പാർട്ട് ബിൽ ആയി പദ്ധതി പ്രകാരമുള്ള ചെലവ് 1952450 രൂപയും, 21.05.2025ന് 1266700 രൂപയും ശ്രീ. റഷീദ് ടി എന്നവരുടെ 67180519408/SBIN0070211 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവ് (സാധാ) നമ്പർ 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 പ്രകാരമുള്ള, കുടിവെള്ള വിതരണം നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിക്കാതെയാണ് നഗരസഭ കുടിവെള്ള വിതരണം നടത്തിയതും തുക അനുവദിച്ചതും എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഉത്തരവിലെ ക്രമ നം. 1 പ്രകാരം 01.04.2024 മുതൽ 31.05.2024 വരെ ആകെ 17 ലക്ഷം രൂപ മാത്രമാണ് കുടിവെള്ള വിതരണത്തിനായി ചെലവഴിക്കാവുന്നത്. എന്നാൽ ഏപ്രിൽ, മെയ് മാസങ്ങളിലായി ആകെ 2471700 രൂപ ചെലവഴിച്ചത് പ്രകാരം 7,71,700 രൂപയും ജൂൺ മാസത്തിൽ 495000 രൂപയും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്.

2) വരൾച്ചാ ബാധിത പ്രദേശമായി ജില്ലാ കളക്ടർ/ബന്ധപ്പെട്ട അധികാരികൾ നിശ്ചയിച്ച പ്രദേശങ്ങളിലാണ് നഗരസഭ തീരുമാനം എടുത്ത് കുടിവെള്ളം വിതരണം ചെയ്യേണ്ടത്. ആയത് നിശ്ചയിച്ച തീരുമാന വിവരം ഇല്ല.

3) ചെലവ് തുക പ്രകാരം നാല് മാസങ്ങളിലായി നഗരസഭയിൽ ആകെ 5853000 ലിറ്റർ വെള്ളം(ചെലവ് തുക 3219150/0.55) വിതരണം ചെയ്തതായാണ് കാണുന്നത്. കരാർ പ്രകാരം തിരൂർ വാട്ടർ അതോറിട്ടിയിൽ/ കിണറുകളിൽ നിന്നും GPS ഘടിപ്പിച്ച 9 വാഹനങ്ങളിൽ വിതരണം ചെയ്യുന്നതായാണ് വ്യക്തമാക്കിയത്. എന്നാൽ വെള്ളം എവിടുന്നാണ് എടുത്തത് എന്നത് സംബന്ധിച്ച വിവരം/വാട്ടർ അതോറിറ്റിയുടെ ബിൽ/കത്ത് എന്നിവ ഒന്നും ഇല്ല. ഫയലിൽ ലഭ്യമാക്കിയ ഒരേയൊരു ടെസ്റ്റ് റിപ്പോർട്ടിൽ സോഴ്സ് ഓഫ് സാംപിൾ - Open Well ആണ് കാണിച്ചിരിക്കുന്നത്.

4) പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 50/19.02.2026-മറുപടി ലഭ്യമാക്കിയിട്ടില്ല)

1-55 യഥാർത്ഥ പദ്ധതി ചെലവും ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകകളും, ചെലവ് പത്രിക പ്രകാരം ടി പദ്ധതികളിലെ ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി, ഫണ്ട് വിവരം	ചെലവ് ബില്ലുകൾ പ്രകാരമുള്ള ആകെ ചെലവ്	ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ്	വ്യത്യാസം
1	707/2024-25, CHC ആവർത്തന ചെലവുകൾ - ഹെൽത്ത് ഗ്രാന്റ്	84485	78185	6300
2	708/2024-25, UPHC ആവർത്തന ചെലവുകൾ - ഹെൽത്ത് ഗ്രാന്റ്	109125	99925	9200
3	153/2024-25, ഹെൽത്ത് മോണിട്ടറിംഗ് - തനത് ഫണ്ട്	62890	3420	59470
4	03/2024-25, സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി - 610038 പ്ലാൻ + 879828 തനത് ഫണ്ട്	610038 പ്ലാൻ + 984338 തനത് ഫണ്ട്	610038 പ്ലാൻ + 879828 തനത് ഫണ്ട്	തനത് ഫണ്ട് - 104510
5	65/2024-25, സെക്കണ്ടറി പാലിയേറ്റീവ് കെയർ - പ്ലാൻ	340921	340915	6

വ്യത്യാസം കാണുന്ന ചെലവ് തുകകൾ പദ്ധതി പ്രകാരം ചെലവഴിച്ച് യഥാർത്ഥ ഗുണഭോക്താവിലേക്ക് എത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും, ചെലവ് പത്രികയിൽ തുക അക്കൗണ്ട് ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് കൊണ്ട് സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവർക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/07.02.2026ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പദ്ധതികൾ പ്രകാരമുള്ള തുകകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളതാണെന്നും ചെലവ് പത്രികയിൽ ചേർക്കാൻ വിട്ട്പോയതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ നഗരസഭ സെക്രട്ടറി മേൽ അപാകതക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ചെലവുകൾ യഥാസമയം ചെലവ് പത്രികയിൽ ബുക്ക് ചെയ്യാത്തതിന് സെക്രട്ടറി കാരണം വിശദീകരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന.

താനൂർ നഗര സഭയിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
19	9500	9500	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
1	13500	13500	0	0

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	04.02.2026 മുതൽ 21.02.2026	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ /ബിൽ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	ഡിവിഷൻ 22 വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ ലൈൻ പോസ്റ്റ്	P-M100900-24000464/15.10.24	498165	498165	യു.സി ലഭ്യമായിട്ടുണ്ട്	0

	സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 307/25					
	ഡിവിഷൻ-1 തൂവൽതീരം കടപ്പുറം റോഡ് സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് വലിക്കൽ പ്രൊജക്റ്റ് നം. 308/25	P-M100900-24000881/17.02.25	149936	149936	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ-27 ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ പ്രൊജക്റ്റ് നം. 309/25	P-M100900-24000687/30.12.24	41295	41295	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ-34 തോട്ടോളി യൂസഫ് ഹാജി റോഡ് പോസ്റ്റ് ആൻഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊജക്റ്റ് നം. 313/25	P-M100900-24000463/15.10.24	122526	122526	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ 13 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 317/25	P-M100900-24000465/15.10.24	143542	143542	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ 29- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രൊജക്റ്റ് നം. 596/25	P-M100900-24000748/13.01.25	59275	59275	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ 23- ശോഭ കാരാട് മുനമ്പം ലിങ്ക് റോഡ് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രൊജക്റ്റ് നം. 675/25	P-M100900-2400160/28.03.25	175818	175818	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ 24- സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ച് പോസ്റ്റ് സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 727/25	P-M100900-24001064/29.03.25	99994	99994	യു.സി ലഭ്യമായിട്ടുണ്ട്	0
	ഡിവിഷൻ 27- ഇടവഴി-അനുബന്ധ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	P-M100900-24000880/17.02.25	182866	182866	യു.സി ലഭ്യമായിട്ടുണ്ട്	0

	പ്രൊജക്റ്റ് നം. 756/25					
	ഡിവിഷൻ 38- ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 766/25		100000	100000	യു.സി ലഭ്യമായിട്ടുണ്ട്	0
ജലസേചന വകുപ്പ്	പെരുന്തോട് വി സി ബി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കൽ പ്രൊജക്റ്റ് നം. 677/25	P-M100900-2400813/28.01.25	1950000	0	ലഭ്യമായിട്ടില്ല	1950000
	ബിലാത്തിക്കുളം നവീകരണം പ്രൊജക്റ്റ് നം. 601/25	P-M100900-24000756/15.01.25	9000000	0	ലഭ്യമായിട്ടില്ല	9000000

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി (₹)	തൻവർഷം ലഭ്യമായ വായ്പ തുക (₹)	ആകെ	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
PMAY(U) ലൈഫ് പദ്ധതി- ULB Share	ലഭ്യമല്ല	143933266	65560000	209493266	15346666	-	194146600
കുറിപ്പ്- ലോൺ രജിസ്റ്റർ പ്രകാമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-15 കാണുക.							

4-7 സ്ഥിരനിക്ഷേപങ്ങൾ

എ). സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹)	5009000
തൻവർഷം നിക്ഷേപിച്ച തുക (₹)	3793324
ആകെ (₹)	8802324
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	6293324
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹)	2509000

ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം.

നിക്ഷേപത്തിന്റെ വിവരം	രശീതി/സർട്ടിഫിക്കറ്റ് നമ്പർ, തീയ്യതി	തുക (₹)
കേരള ഗ്രാമീൺ ബാങ്ക്, താനൂർ	401905/16.07.2014	2500000
Malappuram Co Op Spinning Mill	1465/27.7.1977	4000

കുറിപ്പ് : സെക്രട്ടറി ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-1-23 കാണുക

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ്	ഖണ്ഡിക	സമാഹൃത	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ

വർഷം		റിപ്പോർട്ട് വർഷം			അവസ്ഥ
1999-00	-	06-07	2(1)	കെട്ടിട നികുതി കുടിശ്ശിക കണക്കാക്കിയതിലെ അപാകത – 113456 രൂപ	നടപടി തുടരുന്നു.
			2(10)	മത്സ്യബന്ധന വല വിതരണം വിതരണ രേഖയില്ല	നടപടി തുടരുന്നു.
			2(13)	വലയും റോപ്പും വിതരണ വിവരം ലഭ്യമല്ല	നടപടി തുടരുന്നു.
2014-15 2015-16	-	2016-17	2(1), 3(3)	-	നടപടി തുടരുന്നു.

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉത്തരവാദിയായ വ്യക്തി	ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ്		ഇപ്പോഴത്തെ അവസ്ഥ
				നമ്പറും തിയതിയും	തുക	
1	2001-02	3-2	ശ്രീ.എം. ബാലകൃഷ്ണൻ	LF 2565/ Spl.Cell/SC5/09 10.9.09/16.9.09	15573	ലഭ്യമല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം.

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	415947424
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	359496466
വരവിനങ്ങളിലെ നഷ്ടം (₹)	0
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	23745453

ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-25	3461850	ശ്രീമതി.ദിവ്യ.കെ.കൃഷി ഓഫീസർ
1-28	880000	ശ്രീമതി. അനുപമ. ടി,സെക്രട്ടറി
1-30	9000000	“”
1-31	1950000	“”
1-33	2756739	“”
1-34	799895	“”
1-36	96646	ഡോ.ഷംജിത. എസ്,മെഡിക്കൽ ഓഫീസർ സി എച്ച് സി
1-39	87923	ശ്രീ.പ്രകാശൻ.കെ , ഹെൽത്ത് സൂപ്പർ വൈസർ
1-40	4712400	ശ്രീ.പ്രകാശൻ.കെ , ഹെൽത്ത് സൂപ്പർ വൈസർ
ആകെ	23745453	

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.
എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.
ഇല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ക്ര.ന	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1	1996-97	എൽ.എഫ്.എം15/1301/01 തിയതി 17-01-03	18
2	1997-98	എൽ.എഫ്.എം15/1301/01/97-98 തിയതി 17-2-03	4
3	1998-99	കെ.എസ്.എ.എം.പി.എം19/1794/23 തിയതി 07-10-23	15
4	1999-2000(ചെലവ്)	എൽ.എഫ്.എം11/207/06 തിയതി 15-07-06	7
5	1999-2000(വരവ്)	എൽ.എഫ്.എം11/2356/07 തിയതി 5-2-08	2
6	2000-01	എൽ.എഫ്.എം11/31/08 തിയതി 5-2-08	7
7	2001-02	എൽ.എഫ്.എം11/132/08 തിയതി 5-2-08	6
8	2002-03	എൽ.എഫ്.എം11/133/08 തിയതി 5-2-18	3
9	2003-04	എൽ.എഫ്.എം11/134/08 തിയതി 10-12-08	3
10	2004-05	എൽ.എഫ്.എം11/106/09 തിയതി 13-7-08	19
11	2005-06	എൽ.എഫ്.എം11/1854/11 തിയതി 21-01-12	17
12	2006-07	എൽ.എഫ്.എം11/1855/11 തിയതി 21-01-12	24
13	2007-08	എൽ.എഫ്.എം16/311/11/21-01-12	20
14	2008-09	എൽ.എഫ്.എം16/312/11 തിയതി 14-12-2011	25
15	2009-10, 2010-11	എൽ.എഫ്.എം16/2131/12 തിയതി 27-09-12	22
16	2011-12, 2012-13	കെ.എസ്.എ.എം.പി.എം15/1528/15 തിയതി 25-08-2015	23
17	2013-14, 2014-15	കെ.എസ്.എ.എം.പി.എം15/2517/15 തിയതി 20-11-2015	27
18	2015-16	കെ.എസ്.എ.എം.പി.എം.25/316/2017 തിയതി 05.04.2018	8
19	2016-17	കെ.എസ്.എ.എം.പി.എം.25/2540/2017 തിയതി 02.05.2018	20
20	2017-18	കെ.എസ്.എ.എം.പി.എം.25/1080/19/ തീയതി 11-6-19	13
21	2018-19	കെ.എസ്.എ.എം.പി.എം.25/425/20/ തീയതി 17-11-20	14
22	2019-20	കെ.എസ്.എ.എം.പി.എം.25/1698/22/ തീയതി 20-04-23	10
23	2020-21	കെ.എസ്.എ.എം.പി.എം.25/1699/22/	10

		തീയതി 06/12/2023	
24	2021-22	കെ.എസ്.എ.എം.പി.എം25/556/22/ തീയതി 04/10/2023	31
25	2022-23	കെ.എസ്.എ.എം.പി.എം25/322/24/ തീയതി 18/02/2025	28
26	2023-24	കെ.എസ്.എ.എം.പി.എം25/205/25/ തീയതി 20/01/2026	60

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 29-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Tanur Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tanur Municipality as on 31-03-2025

Date: 31/03/2026 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Tanur Municipality for the Year 2024-2025.

1.Major Observations

NIL

2.Other Observations

1.The following mandatory financial statements prescribed in accounting rules58 (2) (e),(f), (3) of Kerala Muncipalities Accounts (Rules) 2007 are not submitted for audit.

i. Ratios
ii. Notes on accounts
iii. Comparative amounts
2.Worksheet for the calculation of Depreciation for fixed assets was not produced for audit.
3.Accumulated Depriciation exceeds group Asset Value
4. i)Certain bank accounts of the Municipality are not included in the AFS.
ii)Opening balance of the following Bank accounts are not included in RP40(a) of the annual financial statement.
a) ICICI Bank-IB 021901003571
b)Federal Bank -FB-11700100226267
c)ICICI Bank-IB 021905002500
5.Bank statements for certain bank/treasury accounts which are included in Balance sheet schedule B-17 are not produced for auditing.
6.Expenditure as per ACR does not match with that of AFS.
7.Total Expenditure Under CFC Grant as per Sulekha Statement of Expenditure not tally with A F S.
8.Closing balance of various Grants in Schedule B4 of the Balance sheet do not match with bank account opened for the porpose (schedule B17).
9. The same Treasury Account(LGTSB 1505 799013000001144) is included twice in Schedule B17 with different Closing balances.

10.The following registers are not up to date and are not reliable for auditing (Deposit Register, Advance Register, Profession Tax Register, Auction Register)

11.The actual balance amounts of Property Tax-Current,Property Tax-Arrear, Profession Tax (Instituitions/Traders)-Arrear, License Fees- Current, License Fees-Arrear,Rent from Buildings- Current, Rent- Arrear are not reflected in Balance Sheet.

12.Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

13.The supporting documents for the following items are not produced for auditing.

a)Receivable from Markets

b)License Fees under P.P.R ACT

c)Other Licensing Fees

d)Other Fees

e)Receipts from Sale of Tender Forms

f)Receipts from Sale of Scrap

g)Receipts from Auction of obsolete assets

h)Receipts from Miscellaneous Sales

14.ACR is not maintained for Special purpose grants, thus the accuracy of the liability amounts booked in schedule B-4 couldnt be verified.

15.The Details of Loans Register is not tally with A F S.

16.The amounts paid in part bills are not booked in the capital work in progress head in Balance Sheet.

17.The Property Tax DCB Statement does not match with the Annual Financial Statements.

18.The following Registers were not produced for Audit (Asset Register,Audit Recovery Register, Investment Register)

19.The Deposit amount has not been booked under the head Advance to Implementing Agencies.

20. Receipts issued in wrong account head code.

21.The supporting documents for Beneficiary contributions in schedule B4 of the Balance sheet are not produced for auditing

22.Negative figures included in AFS, Schedule R8- Head Code 1711001 Interest from Bank Accounts

23. i)The Fixed Deposits do not match with the Annual Financial Statements.

ii)As per Schedule B12, 9000/- is shown under Investment(Head code 4201001), but share certificate for only 4000 were produced for verification

24.Cheques amounting to 9969787/- deposited in the bank have not been credited till date. As the details of these cheques were not properly recorded in the reconciliation statement the period to which the amount pertains could not be ascertained.

25.The amount shown under Cheque issued but not presented into bank in the Bank Reconcilation Statement is not supported by cheque number and date.

26.Amounts in the category directly credited by bank is not taken into account.

27.Amounts in the category directly debited by bank is not taken into account.

28.The supporting documents for Advance month Voucher Adjustment Cr in reconciliation statements are not produced for auditing.

29.The closing balance as per Bank Book as shown in bank reconciliation statement differs from actual Bankbook balance of the account CFC CSB 008704299137190001

30.Lapse in making timely and accurate demand entries in respect of tax and non tax revenue.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്